# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കഠിനംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം /ജിപി 11/1803/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/01/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഠിനംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം /ജിപി 11/1803/2021 തീയ്യതി: 31/01/2022

## തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 17-09-2021 | 28-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-09-2021 | 28-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീദേവി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രേഖ.സി.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മെർലിൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഫെലിക്സ്.പി. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി അജിത അനി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി മിനി.ജെ. | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ. സനൽ കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2021 | 14-02-2021 |
| ശ്രീ. രാജേഷ് | സെക്രട്ടറി | 15-02-2021 | 09-03-2021 |
| ശ്രീമതി ലത കൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രീതി പ്രഭാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സീമ.വി. | കൃഷി ഓഫീസർ | 01-04-2020 | 02-03-2021 |
| ശ്രീമതി ഷെറിൻ .എസ്. മസൂദ് | കൃഷി ഓഫീസർ | 03-02-2021 | 31-03-2021 |
| ശ്രീമതി കൃഷ്ണേന്ദു.ജെ.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-12-2020 |
| ശ്രീമതി ബിന്ദു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2021 | 31-03-2021 |
| ശ്രീ. ഹരിശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2020 | 31-03-2021 |
| ശ്രീ. അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 10-08-2020 | 31-03-2021 |
| ശ്രീമതി സീന | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.നന്ദകിഷോർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സിമി ദിവാൻ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ആയുർവേദം) | | |
| ഡോ. ഗോഡ്ഫ്രേ ലോപ്പസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2020 | 31-03-2021 |
| ശ്രീമതി സുനിത.ബി. | ഹെഡ്മിസ്ട്രസ് | 01-04-2020 | 19-06-2020 |
| ശ്രീമതി സാഹിറാ ബീവി | ഹെഡ്മിസ്ട്രസ് | 07-09-2020 | 31-03-2021 |
| ശ്രീ. ദിലീപ്കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 15-05-2020 |
| ശ്രീമതി അനിത | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 16-05-2020 | 31-03-2021 |
| ശ്രീ.സനൽകുമാർ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

20.06.2020 മുതൽ 06.09.2020 വരെ ഹെഡ്മിസ്ട്രസ് തസ്തിക ഒഴിഞ്ഞുകിടന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1 |
| 2 | ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1-1 |
| 3 | പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1-2 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്താറില്ല<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1-3 |
| 5 | ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1-4 |
| 6 | ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിലധികവും ചെലവ് ചെയ്തു<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1-5 |
| 7 | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-1-6 |
| 8 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2 |
| 9 | Treasury -LGTSB അക്കൗണ്ട് Credit ബാലൻസ് ആണ്<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-1 |
| 10 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-2 |
| 11 | ആസ്തി ആർജ്ജിച്ചിട്ടും ബി-11 ഷെഡ്യൂളിലെ ആസ്തിയിൽ ഉൾപ്പെട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-3 |
| 12 | Health Insurance-മായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുകയിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-4 |

| | | |
|---|---|---|
| 13 | ചെലവഴിക്കാതെ ജില്ലാ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-5 |
| 14 | വരവിനങ്ങളിൽ ലഭിക്കാനുള്ള തുകകൾ അടിയന്തിരമായി ഈടാക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-6 |
| 15 | Beneficiary Contribution ഇനത്തിൽ ലഭ്യമായ208978/- രൂപ ചെലവഴിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-7 |
| 16 | KSEBയ്ക്ക് മുൻകൂറായി നൽകിയ തുകകൾ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-8 |
| 17 | 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ളരേഖകൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-9 |
| 18 | Trial Balance-ൽ നീക്കിയിരിപ്പായ തുക Balance Sheet-ൽ ട്രേസ് ചെയ്യാൻ കഴിയുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-10 |
| 19 | അക്ക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയേക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Rekha C S (Senior Grade Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-11 |
| 20 | പലിശ ഉൾപ്പെടെ നിക്ഷേപം പുതുക്കിയെങ്കിലും ആയത് AFS -ൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-12 |
| 21 | പഞ്ചായത്തിൽ നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-13 |
| 22 | സബ് വൗച്ചർ പരിശോധനയ്ക്ക് ലഭ്യമായില്ല.<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-14 |
| 23 | അക്കൗണ്ട്സ് - മറ്റ് അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-2-15 |
| 24 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-12-2021) | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-4 |

| | | |
|---|---|---|
| 26 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകൾ എ.എഫ്.എസ്, എ.സി.ആർ, എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-4-1 |
| 27 | ലഭ്യമായ അലോട്ട്മെന്റിനു അനുസൃതമായി പദ്ധതികൾക്ക് അടങ്കൽ വകയിരുത്തിയില്ല<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-4-2 |
| 28 | പദ്ധതി അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-5 |
| 29 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-12-2021) | 1-6 |
| 30 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-12-2021) | 1-7 |
| 31 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 8,68,000/-രൂപ<br>Written By: Praveen N.G (Asst. Audit Officer, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-01-2022) | 1-7-1 |
| 32 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 30-09-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 1-8 |
| 33 | ആഭ്യന്തര നിയന്ത്രണം<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-9 |
| 34 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sabu G (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-10 |
| 35 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-11 |
| 36 | നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-11-1 |
| 37 | ഫോം 6 സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-11-2 |
| 38 | മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-11-3 |
| 39 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയിച്ച് നികുതി കണക്കാക്കുന്നു<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-11-4 |
| 40 | കെട്ടിടങ്ങൾക്ക് ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു | 1-11-5 |

| | | |
|---|---|---|
| | Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | |
| 41 | റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-11-6 |
| 42 | തൊഴിൽനികുതി ഈടാക്കിതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-12 |
| 43 | തൊഴിൽനികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-12-1 |
| 44 | തൊഴിൽനികുതി സമയപരിധിക്കുള്ളിൽ ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-12-2 |
| 45 | തൊഴിൽനികുതി സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-12-3 |
| 46 | സ്ഥാപനനികുതി ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-01-2022) | 1-12-4 |
| 47 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-12-5 |
| 48 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-13 |
| 49 | രജിസ്റ്ററുകൾ പരിശോധിച്ചതിൽ തുകകൾ എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-13-1 |
| 50 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-13-2 |
| 51 | ലൈസൻസ് ഫീസ്-മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-13-3 |
| 52 | ലൈസൻസ് രജിസ്റ്ററുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-13-4 |
| 53 | ലേലത്തുക ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-14 |
| 54 | വരവ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-15 |
| 55 | ദുരന്തനിവാരണ പദ്ധതി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-16 |

| | | |
|---|---|---|
| 56 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Merlin Jacob (Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-17 |
| 57 | മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-18 |
| 58 | ഇ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും പൂർണ്ണമായും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-19 |
| 59 | ഏജൻസി വഴി പത്രങ്ങളിൽ പരസ്യം നൽകൽ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-20 |
| 60 | തെരുവുവിളക്കുകൾ വാങ്ങൽ - നടപടിക്രമം പാലിക്കുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-12-2021) | 1-21 |
| 61 | കുടിവെള്ള ചാർജ്ജ് അടവാക്കൽ പദ്ധതിയ്ക്കായി തുക വകയിരുത്തിയതിൽ കുറവ്.<br>Written By: Praveen N.G (Asst. Audit Officer, On 02-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-22 |
| 62 | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് - പദ്ധതി പൂർത്തീകരണം വൈകുന്നു<br>Written By: Praveen N.G (Asst. Audit Officer, On 02-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-23 |
| 63 | അർഹത തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-24 |
| 64 | മുൻകൂർ പണം നൽകിയിട്ടും ലാപ്ടോപ്പുകൾ ലഭ്യമായില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-25 |
| 65 | ലൈഫ് ഭവന നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-26 |
| 66 | പ്രോജക്ട് രജിസ്റ്റർ പ്രകാരം പണി പൂർത്തീകരിച്ചു - പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-27 |
| 67 | പ്രോജക്ടിൽ ഉൾപ്പെടാത്ത പ്രവർത്തനത്തിനു വേണ്ടി തുക ചെലവാക്കിയിരിക്കുന്നു - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-1,59,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-28 |
| 68 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-29 |

| | | |
|---|---|---|
| 69 | ജാഗ്രതാ സമിതി ശാക്തീകരണം സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 06-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-30 |
| 70 | ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ പൂർണമല്ല<br>Written By: Sreedevi S (Senior Grade Auditor, On 06-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-31 |
| 71 | ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി - തുടർ പരിശോധന നടത്തേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 06-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-32 |
| 72 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് പദ്ധതി - രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 06-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-33 |
| 73 | സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തുന്നതിൽ അപാകത<br>Written By: Sreedevi S (Senior Grade Auditor, On 06-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-34 |
| 74 | വിതരണം ചെയ്യുന്നതിനുള്ള മേശ, കസേര - ഭൗതിക പരിശോധനയിൽ 3 എണ്ണം കുറവ്<br>Written By: Sreedevi S (Senior Grade Auditor, On 06-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-35 |
| 75 | റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 06-01-2022) | 1-36 |
| 76 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-37 |
| 77 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ - ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 1-38 |
| 78 | പ്രൊക്യുയർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-39 |
| 79 | ചിറ്റാറ്റുമുക്ക് മാർക്കറ്റ് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്- പ്രവർത്തനം ആരംഭിച്ചില്ല.<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 1-40 |
| 80 | ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം 56,893/- രൂപ തിരികെ ഒടുക്കു വരുത്തി<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 29-01-2022) | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 03-10-2021)<br>Last Updated By: K Sreeja (Deputy Director, On 31-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: K Sreeja (Deputy Director, On 31-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 04-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sabu G (Audit Officer, On 04-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 05-10-2021)<br>Last Updated By: Zeena K (Senior Grade Auditor, On 07-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

കഠിനംകുളം ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 04.03.2020ലെ 1(1) നമ്പർ തീരുമാന പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 182181566/- രൂപയും, പ്രതീക്ഷിത വരുമാനം 428835833/-രൂപയും ചേർത്ത് ആകെ വരവ് 611017399/-രൂപയും ആകെ ചെലവ് 507792195/-രൂപയും നീക്കിബാക്കി 103225204/-രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2020 ലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ (ഓഡിറ്റ് എൻക്വയറി 06നുള്ള മറുപടി പ്രകാരം ) ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 13.01.2020 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ലഭ്യമല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 09.01.2020 &05.02.2020 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 08.04.2020 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 04.03.2020 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 11.03.2020 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 23.03.2020 |

വിവിധസ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധസ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. മേൽ അപാകതകൾ പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 നുള്ള മറുപടിയിൽ വരും കാലങ്ങളിൽ തയ്യാറാക്കുന്ന വാർഷിക ബജറ്റുകളോടൊപ്പം ടി രേഖകളും ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-1-3 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്താറില്ല

2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി, ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി, ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ മാസം തോറുമുള്ള അവലോകനം വരും വർഷങ്ങളിൽ പ്രാവർത്തികമാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-1-4 ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)).എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2021-22-ലെ ബജറ്റിനൊപ്പമാണ് 2020-21-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ പുതിയ ബജറ്റ് തയ്യാറാക്കുന്നതോടോപ്പമാണ് റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി വരുന്നതെന്നും ഇനി മുതൽ സപ്ളിമെന്ററി ബജറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-1-5 ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിലധികവും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ്) | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും - മറ്റ് വിളകൾ | 2501002 | 27500 | 275000/- | 391150/- |
| 2 | അനിമൽ ഹസ്ബന്ററി - ഇൻഫ്രാസ്ട്രക്ചർ ജനറൽ | 2501039 | 200000/- | 200000/ | 366539 |
| 3. | അനിമൽ ഹസ്ബന്ററി - റിലേറ്റഡ് ഫെസിലിറ്റി ജനറൽ | 2501041 | 0 | 420000 | 525000 |
| 3 | കൃഷിയും അനുബന്ധ മേഖലയും -മത്സ്യകൃഷി-ജനറൽ | 2501006 | 0 | 0 | 1089160 |
| 4 | ഡയറി വികസനം-സംഭരണവും വിപണനവും-ജനറൽ | 2501046 | 0 | 0 | 556730 |
| 5 | വിദ്യാഭ്യാസം അനുബന്ധ പ്രവർത്തികൾ-ജനറൽ | 2511013 | 0 | 288820 | 3938466 |
| 6 | മൈനർ ഇറിഗേഷൻ-Providing Individual Faciliies- General | 2512004 | 0 | 0 | 10260 |
| 7. | ഇലക്ട്രിഫിക്കേഷൻ ജനറൽ | 2513004 | 0 | 0 | 48000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയപ്പോൾ പിഴവ് വന്നതാണെന്നും മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ബജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള ചെലവ് അനവദനീയമല്ലാത്തതാണെന്ന് 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസ്സാക്കിയ ഫിനാൻസ് മാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. തീരദേശ മേഖലയായിട്ടുകൂടി മത്സ്യ കൃഷിക്ക് ബജറ്റിൽ യാതൊരു തുകയും വകയിരുത്തിട്ടില്ല. 1089160/- മത്സ്യകൃഷിക്ക് ചെലവഴിച്ചെങ്കിലും 2021-22-ലെ ബജറ്റിനൊപ്പം പാസ്സാക്കിയ 2020-21-ലെ റിവൈസ്ഡ് ബജറ്റിലും മത്സ്യകൃഷിക്ക് യാതൊരു തുകയും വകയിരുത്താതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-1-6 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്.ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എ.എഫ.എസ്. പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|---|
| 1 | വിനോദ നികുതി | 0 | 500000 |
| 2 | ലൈസൻസ് ഫീ | 169120 | 150000 |
| 3 | തോഴിൽ നികുതി | 5046880 | 10000000 |
| 4 | പഞ്ചായത്ത് സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 25147 | 642444 |
| 5 | മാർക്കറ്റ് റസീപ്റ്റ് | 37457 | 0 |
| 6 | വസ്തു നികുതി | 11000000 | 4461363 |
| 7. | ബാങ്ക് അക്കൗണ്ടിൽ നിന്ന് പലിശ | 1213862 | 2200000 |
| 8. | സ്ഥിര നിക്ഷേപത്തിൽ നിന്നും പലിശ | 1009561 | 0 |

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ വിനോദ നികുതി പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്നെന്നും സർക്കാർ ഉത്തരവ് പ്രകാരം ടി സേവനം സർക്കാരിന് നേരിട്ട് ഒടുക്കുവരുത്തുന്നതിനാലാണ് എ.എഫ്.എസ് പ്രകാരം വരുമാനം ഇല്ലാതിരുന്നതെന്നും എന്നാൽ മറ്റൊരു ഉത്തരവ് പ്രകാരം സർക്കാരിൽ നിന്ന് മേൽ തുക പഞ്ചായത്തിന് നൽകുമെന്ന ധാരണയിലാണ് 5,00,000/-രൂപ പ്രതീക്ഷിച്ചതെന്നും അറിയിച്ചിരിക്കുന്നു. മറ്റ് പരാമർശങ്ങളിൽ അപാകത പരിഹരിച്ച് വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| | ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | |
|---|---|---|---|
| 31.07.2021 | 2.08.2021 | -- | -- |

## 1-2-1 Treasury -LGTSB അക്കൗണ്ട് Credit ബാലൻസ് ആണ്

Treasury -LGTSB അക്കൗണ്ട് Credit ബാലൻസ് ആണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7നുള്ള മറുപടിയിൽ മാർച്ച് 31-ന് ജി.ഒ പ്രകാരം LGTSB അക്കൗണ്ടിൽ നിന്നും തുക പിടിച്ചതിനാലാണ് (Redemption Amount) അക്കൗണ്ട് ക്രഡിറ്റ് ബാലൻസ് കാണിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത തുകയാണ് 2020-21 AFS-ലെ ബി-15 ഷെഡ്യൂൾ പ്രകാരം Receivable From Govt.(Redemption Amount) ഇനത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള 29,11,836/- രൂപ. ആയത് 4/04/2021-ൽ Redemption ആയി ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

## 1-2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ്, റസീപ്റ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂളുകൾ, B-7, RP-34(വരവ്), RP-34(ചെലവ്), 2019-20 സാമ്പത്തിക വർഷത്തെ B-7 എന്നിവ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 492198 | 242492 | 174372 | 560318 |
| Suppliers EMD | 38387 | 17751 | 0 | 56138 |
| Bidders EMD | 136458 | 13003 | 25750 | 123211 |
| Contractors Security Deposit | 159657 | 0 | 0 | 159657 |
| Suppliers Security Deposit | 7500 | 0 | 0 | 7500 |
| Bidders Security Deposit | 21400 | 0 | 0 | 21400 |
| Contractors Retention | 40570 | 183716 | 100833 | 130015 |
| Election Deposit(candidate) | 0 | 124500 | 34000 | 90500 |
| Deposit Received From Others | 42500 | 0 | 0 | 42500 |

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Contractors EMD യുടെ വരവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7നുള്ള മറുപടിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

Contractors Security Deposit, Suppliers Security Deposit, Bidders Security Deposit, Deposit Received From Others ഇനത്തിൽ നീക്കിയിരിപ്പുള്ള തുക 2018-19 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റീടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന

ഡെപ്പോസിറ്റ് എന്നിവ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7നുള്ള മറുപടിയിൽ 3 വർഷത്തിനുമേൽ ക്ലോസ് ചെയ്യാത്ത ഡെപ്പോസിറ്റുകൾ നടപ്പുവർഷം കമ്മറ്റി തീരുമാനമെടുത്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി ആയത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിരമായി ഇത് ശ്രദ്ധിക്കേണ്ടതുണ്ട്.

### 1-2-3 ആസ്തി ആർജജിച്ചിട്ടും ബി-11 ഷെഡ്യൂളിലെ ആസ്തിയിൽ ഉൾപ്പെട്ടില്ല.

2019-20, 2020-21 AFS-ലെ ബി-11 ഷെഡ്യൂളിലെ Building Market (410200101) എന്ന ഹെഡിൽ ഒരേ തുകയാണ് (443527/-)നീക്കിയിരിപ്പായിട്ടുള്ളത്. എന്നാൽ 111/21 പദ്ധതി പ്രകാരം ചിറ്റാറ്റിൻകര മാർക്കറ്റിനുള്ളിൽ പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനായി 850939/- രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ AFS-ലെ ബി-11 ഷെഡ്യൂളിലെ Building Market (410200101) എന്ന ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.

കൂടാതെ 2019-20, 2020-21 AFS-ലെ ബി-11 ഷെഡ്യൂളിലെ-ലെ Lanes- Cement Concrete (410300201) എന്ന ഹെഡിൽ ഒരേ തുകയാണ് (1202037/-) നീക്കിയിരിപ്പായിട്ടുള്ളത്. എന്നാൽ 219/21, 225/21 എന്നീ പദ്ധതികൾ പ്രകാരം വാർഡ് 19, 23 എന്നിവയിലെ വിവിധ ഇടവഴികളിൽ റീകോൺക്രീറ്റിംഗിനായി യഥാക്രമം 223242/-രൂപയും, 144556/- രൂപയും ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്.എന്നാൽ AFS-ലെ ബി-11 ഷെഡ്യൂളിലെ Lanes- Cement Concrete (410300201) എന്ന ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7നുള്ള മറുപടിയിൽ പ്ലാൻ ഫണ്ടുകളുടെ ചെലവുകൾ ഇ-ബിൽ ജനറേഷൻ വഴി ഡയറക്ട് എക്സ്പെന്റിച്ചറിൽ വരുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് എൻട്രി ചെയ്യുമ്പോൾ നൽകുന്ന വിവരം അനുസരിച്ചാണ് അക്കൗണ്ട് ഹെഡ് വരുന്നതെന്നും ആയതിനാലാണ് മേൽ പറഞ്ഞ ഹെഡുകളിൽ വ്യത്യാസം വരുന്നതെന്നും അറിയിച്ചിരിക്കുന്നു.

### 1-2-4 Health Insurance-മായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുകയിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

Indian Bank Health Insurance അക്കൗണ്ടിൽ 2018-19 മുതൽ 618807/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും ആയത് വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7നുള്ള മറുപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17.05.2019-ലെ 3-ാം നമ്പർ തീരുമാന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് വേണ്ടി കുടുംബശ്രീ മുഖേന ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത 6,18,807/-രൂപ കുടുംബശ്രീ ജില്ലാ മിഷനിൽ ഒടുക്കിയത് പദ്ധതി നടപ്പിലാക്കാത്തതിനാൽ തിരികെ നൽകിയത് പഞ്ചായത്ത് ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിക്കുകയാണുണ്ടായതെന്നും കുടുംബശ്രീ അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ടി തുക സംബന്ധിച്ച് സർക്കാരിന്റെ നിർദ്ദേശാനുസരണം നടപടി കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

### 1-2-5 ചെലവഴിക്കാതെ ജില്ലാ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്

ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ 2019-20 AFS പ്രകാരം നീക്കിയിരിപ്പുള്ള തുകയാണ് 2020-21ലും നീക്കിയിരിപ്പായിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320700204 | Contribution For Joint Venture Projects(for Revenue Expenditure )-From Block Panchayath | 917884 |

| | | |
|---|---|---|
| 320700205 | Contribution For Joint Venture Projects(for Revenue Expenditure )-From District Panchayath | 194703 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറാത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 നുള്ള മറുപടിയിൽ 320700204 & 320700205 എന്ന ഹെഡുകളിൽ പറഞ്ഞ തുകയിൽ പ്രോജക്റ്റുകൾ വയ്ക്കാത്തതിനാലാണ് രണ്ട് സാമ്പത്തിക വർഷത്തിലും ഒരേ നീക്കിയിരിപ്പ് കാണുന്നതെന്നും നടപ്പ് സാമ്പത്തികവർഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-2-6 വരവിനങ്ങളിൽ ലഭിക്കാനുള്ള തുകകൾ അടിയന്തിരമായി ഈടാക്കേണ്ടതാണ്.

Rent Receivable From Building (Current) ഇനത്തിൽ 1200/- രൂപയും, Rent Receivable From Building (Arrear) ഇനത്തിൽ 1,33,917/- രൂപയും, Receivable From Market Receipt(current) ഇനത്തിൽ 10,000/- രൂപയും, Receivable From Usufructs Trees ഇനത്തിൽ 1,850/- രൂപയും ലഭിക്കാനുണ്ട്. ആയതിന്റെ വിശദാംശവും ആയത് നാളിതുവരെ ഈടാക്കാത്തതിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 നുള്ള മറുപടി ലഭ്യമായില്ല. ആയത് അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-7 Beneficiary Contribution ഇനത്തിൽ ലഭ്യമായ208978/- രൂപ ചെലവഴിച്ചിട്ടില്ല

ബി-4 ഷെഡ്യൂൾ പ്രകാരം Beneficiary Contribution ഇനത്തിൽ 2,08,978/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും. ആയത് നീക്കിയിരിപ്പായതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 നുള്ള മറുപടിയിൽ മുൻ വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ ഗുണഭോക്തൃവിഹിതമായി ഒടുക്കിയ തുകയാണെന്നും ടി തുകയുമായി ബന്ധപ്പെട്ട നടപടികൾ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് പ്രകാരം യാതൊരു തുകയും നീക്കിയിരിപ്പില്ല. Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പായ 208978/- രൂപ സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കി ചെലവഴിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-2-8 KSEBയ്ക്ക് മുൻകൂറായി നൽകിയ തുകകൾ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല

പോസ്റ്റ് ഷിഫ്റ്റിംഗിനായി തനത് ഫണ്ടിൽ നിന്ന് താഴെ പറയുന്ന തുകകൾ KSEBയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|---|
| 1 | 22000071 തീ.28.04.20 | 770542 തീ.22.4.20 | 13696/- |
| 2 | 22000453തീ.22.07.20 | 884766 തീ.27.7.20 | 7349/- |
| 3 | 22000454 തീ.22.07.20 | 630179 തീ.22.07.20 | 11701/- |

ആയത് AFSലെ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41ന്റെ മറുപടിയിൽ ഹെഡ് മാറി പേമെന്റ് ചെയ്തതിനാലാണ് ടി ഷെഡ്യൂളിൽ വരാതിരുന്നതെന്ന് അറിയിച്ചിരിക്കുന്നു. പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ KSEBയ്ക്ക് മുൻകൂറായി നൽകുന്ന തുകകൾ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തേണ്ടതും പണിപൂർത്തീകരിച്ചെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-2-9 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ളരേഖകൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, 2011 ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 41ന്റെ മറുപടിയിൽ വാർഷിക അനുപാതങ്ങൾ സോഫ്റ്റ് വെയറിൽ ലഭ്യമല്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

### 1-2-10 Trial Balance-ൽ നീക്കിയിരിപ്പായ തുക Balance Sheet-ൽ ട്രേസ് ചെയ്യാൻ കഴിയുന്നില്ല

Trial Balance-ൽ 350300301- Recoveries Payable Covid എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 2,35,707/- രൂപ Balance Sheet-മായി ഒത്തുനോക്കുവാൻ കഴിയുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 41നുള്ള മറുപടിയിൽ Recoveries Payable Covid എന്ന ഹെഡിൽ തൻവർഷം വന്ന രേഖപ്പെടുത്തലുകളാണ് ട്രയൽ ബാലൻസിൽ വരുന്നത്. ജീവനക്കാരിൽ നിന്ന് പിരിച്ച തുക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകിയതിന് ശേഷമുള്ള (മെമ്പർമാരുടെ) തുകയാണ് ബാലൻസായി നിലനിൽക്കുന്നത്. ആയത് സർക്കാർ ഉത്തരവ് വരുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

### 1-2-11 അക്ക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയേക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു.

Accumulated Depreciation- Other Fixed Asset(head Code - 411800101) പ്രകാരം നീക്കിയിരിപ്പുള്ള തുക(-5381903/-) ബന്ധപ്പെട്ട ആസ്തിയായ Other Fixed Asset(head Code - 410800101)ലെ നീക്കിയിരിപ്പിന്റെ (4984691/-) തുകയെ അധികരിച്ചിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7നുള്ള മറുപടിയിൽ Other Construction, Movable Asset Others, Other Fixed Asset ഹെഡുകൾക്ക് Accumulated Depreciation ഹെഡ് ഇല്ലാത്തതിനാലാണ് ടി മൂന്ന് ആസ്തികളുടെയും Depreciation Accumulated Depreciation- Other Fixed Asset എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതെന്നും ആയതിനാലാണ് പ്രസ്തുത ഹെഡിൽ തുക അധികരിച്ച് നിൽക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. തുടർവാർഷിക ധനകാര്യ പത്രികകളിൽ പ്രസ്തുത അപാകം ഒഴിവാക്കേണ്ടതാണ്.

### 1-2-12 പലിശ ഉൾപ്പെടെ നിക്ഷേപം പുതുക്കിയെങ്കിലും ആയത് AFS -ൽ ഉൾപ്പെടുത്തിയിട്ടില്ല

19-20 AFS പ്രകാരം നിക്ഷേപമായിട്ടുള്ള 2,50,00,000/- രൂപയാണ് 20-21-ലെ AFSലും നിക്ഷേപമായിട്ടുള്ളത്. RP-8 Interest Received On Deposit ഇനത്തിൽ 10,09,561/- രൂപയാണ് വരവായിട്ടുള്ളത്. ആയത് Indian Bank -ൽ നിക്ഷേപിച്ച 5,000,000/-രൂപയുടെയും, 1,00,00,000/-രൂപയുടെയും നിക്ഷേപങ്ങൾ Due ആയപ്പോൾ ലഭിച്ച തുകയാണ്.

എന്നാൽ Union Bank -ൽ നിക്ഷേപിച്ച 1,00,00,000/-രൂപ Due ആയപ്പോൾ ലഭിച്ച പലിശ പ്രസ്തുത ഷെഡ്യൂളിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പലിശ ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്നും ആയത് AFS -ലെ ഏത് ഷെഡ്യൂളിലാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 നുള്ള മറുപടിയിൽ യൂണിയൻ ബാങ്കിൽ അക്കൗണ്ട് നം.336603030003903 ആയി 9.05.2019-ൽ നിക്ഷേപിച്ച ഒരു കോടി രൂപയ്ക്കുള്ള പലിശ ഡ്യൂ ആയപ്പോൾ അതോടൊപ്പം കൂട്ടിയാണ് പുതുക്കി നിക്ഷേപിച്ച് വരുന്നതെന്നും ആയത് കൊണ്ടാണ് ടി പലിശ AFS -ൽ വരവായി രേഖപ്പെടുത്തിയിട്ടില്ലാത്തതെന്ന മറുപടിയാണ് നൽകിയത്.

2019-20, 2020-21സാമ്പത്തിക വർഷത്തെ AFS-ലെ ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂളിൽ പ്രകാരം നീക്കിയിരിപ്പുള്ള നിക്ഷേപം 2,50,00,000/- രൂപയാണ്. ആയതിൽ 1,50,00,000/-രൂപ ഇൻഡ്യൻ ബാങ്കിലും 1,00,00,000/-രൂപ Union Bank -ലുമാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നിക്ഷേപവുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് , 2021-22 ലെ നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവയാണ് പരിശോധനയ്ക്ക് ലഭ്യമായത്. ആയത് പ്രകാരം ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 1,50,00,000/-രൂപയുടെ പലിശ RP-8 Interest Received On Deposit ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ 9/05/19ൽ യൂണിയൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 1,00,00,000/-രൂപയ്ക്ക് 2019-20ലും, 2020-21ലും പലിശകൂടി ഉൾപ്പെടുത്തിയാണ് പുതുക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | നിക്ഷേപിച്ച തുക |
|---|---|
| 9.05.2019 | 1,00,00,000/- |
| 27.09.2019 | 1,02,65,989/-(1,00,00,000 +265989(പലിശ)) |
| 28.03.2020 | 1,06,14,012/-(1,00,00,000 +348023(പലിശ)) |
| 27.09.2020 | 1,09,07,904/-( 1,06,14,012+293892(പലിശ)) |
| 22.02.2021 | 1,11,46,199/-(1,09,07,904 +238295(പലിശ)) |
| 28.03.2021 | 1,12,00,132/-(1,11,46,199 +53933(പലിശ)) |

28.03.2021-ൽ 1,12,00,132/- രൂപ നിക്ഷേപമുണ്ടായിട്ടും 12,00,132/-രൂപ 2020-21-ലെ AFS-ലെ ബി-17,RP-ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ പ്രസ്തുത അപാകം ക്രമീകരിച്ച് അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-2-13 പഞ്ചായത്തിൽ നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ രണ്ടരകോടിയുടെ നിക്ഷേപമുണ്ടെങ്കിലും നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ എ.എഫ്.എസ് പ്രകാരമുള്ള നിക്ഷേപങ്ങൾ പരിശോധിക്കാനായി രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത നിക്ഷേപങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റും 2021-22ലെ നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റുമാണ് ഹാജരാക്കിയത്. പ്രസ്തുത രേഖകൾ പരിശോധിച്ചപ്പോൾ 1200132/- രൂപയുടെ നിക്ഷേപം എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല. (വിശദാംശം ഖ.1-2-14).യൂണിയൻ ബാങ്കിലെ നിക്ഷേപം പുതുക്കിയപ്പോൾ പലിശകൂടി ഉൾപ്പെടുത്തി പുതുക്കിയത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. നിക്ഷേപങ്ങൾ അർദ്ധവർഷത്തിൽ ഭൗതിക പരിശോധന നടത്താത്തതും നിക്ഷ്പ രജിസ്റ്റർ സൂക്ഷിക്കാത്തതുമാണ് ഇത്തരം അപാകതകൾ ഉണ്ടാകുന്നത്.ഇത്രയധികം തുക നിക്ഷേപം ഉണ്ടായിട്ടും നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2-14 സബ് വൗച്ചർ പരിശോധനയ്ക്ക് ലഭ്യമായില്ല.

വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ചെലവുമായി ബന്ധപ്പെട്ട സബ് വൗച്ചർ പരിശോധനയ്ക്ക് ലഭ്യമായില്ല.

| വൗച്ചർ നം. | ഇനം | ചെക്ക് നം. | തുക |
|---|---|---|---|
| 22000183 തീ.26.05.20 | പ്രോപ്പർട്ടി ടാക്സ് ഡിമാന്റ് നോട്ടീസ് പ്രിന്റിംഗ് | 838457 തീ.11.05.20 | 25935/- |
| 22000282തീ.10.06.20 | മാസ്ക് ടെയിലറിംഗ് ചെലവ് | 838493 തീ.2.06.20 | 38940/- |
| 22000180 തീ26.05.20 | മാസ്കിനായുള്ള തുണി വാങ്ങിയത് | 770550 തീ.1.05.20 | 24192/- |

ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -41 ന് മറുപടി ലഭിച്ചില്ല. പ്രസ്തുത വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-15 അക്കൗണ്ട്സ് - മറ്റ് അപാകതകൾ

1.Cashflow Statement-ലെ 2020-21 വർഷത്തെ Cashflow-ഉം (-18236611/-) അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 41 നുള്ള മറുപടിയിൽ Cashflow Statement, സോഫ്റ്റ് വെയറിൽ നിന്ന് ജനറേറ്റ് ചെയ്യുവരുന്ന റിപ്പോർട്ടാണെന്നും ആയത് സംബന്ധിച്ച അപാകത ഐ.കെ.എമ്മിൽ നിന്ന് റിപ്പോർട്ട് ചെയ്ത് പരിഹരിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

2.2021 ജനുവരി 27 മുതൽ 30 വരെയും, 2021 ഫെബ്രുവരി 8,11 തീയതികളിലെയും Cashbook Summary ലഭ്യമായെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. Income And Expenditure Statement ലെ I-18 Schedule -ലെ 280100104-Prior Period Income- Property Tax On Non Residential Building എന്ന ഹെഡ് Debit Balance(3950022/-) ആണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -41 നുള്ള മറുപടിയിൽ സഞ്ചയ പ്രകാരം ഡിമാന്റ് തുക സാംഖ്യയിൽ ക്രമപ്പെടുത്തിയതിനാൽ വന്ന വ്യത്യാസമാണെന്ന് അറിയിച്ചിരിക്കുന്നു.

4. ബി-4 ഷെഡ്യൂൾ പ്രകാരം Recoveries Payable - Covid ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 നുള്ള മറുപടിയിൽ പ്രസ്തുത തുക ജനപ്രതിനിധികളിൽ നിന്നും റിക്കവറി നടത്തിയിട്ടുള്ള തുകയാണെന്നും തിരിച്ച് നൽകുന്നതിനുള്ള ഉത്തരവ് വരുന്ന മുറയ്ക്ക് ടി തുക അവർക്ക് കൈമാറുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 63122032 |
| വരവ് | 153985145 |
| ആകെ | 21707177 |
| ചെലവ് | 170051255 |
| നീക്കിയിരിപ്പ് | 47055922 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21665958 | 21665958 | 33069331 | -11403373 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8953274 | 8953274 | 6371239 | 2582035 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 13250000 | 13250000 | 154840 | 13095160 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 31211861 | 31211861 | 13748682 | 17463179 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7768622 | 7768622 | 6118949 | 1649673 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 2147300 | 2147300 | 21375726 | 97274 |
| CSS | 0 | 0 | 0 | 346189 | -346189 |
| SSS | 0 | 0 | 0 | 10200000 | -10200000 |

CSS,SSS എന്നീ ഫണ്ടുകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് 0 -വും നീക്കിയിരിപ്പ് Negative Balance-ഉം ആണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12-ന് മറുപടി ലഭിച്ചില്ല

ലഭ്യമായ ഫണ്ടിൽ വലിയ തുകകൾ ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകൾ എ.എഫ്.എസ്, എ.സി.ആർ, എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,എ.എഫ്.എസ്, എ.സി.ആർ, എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ വിവിധ ഫണ്ടിനങ്ങളിലെ വരവ്, ചെലവ് നീക്കിയിരിപ്പ് വ്യത്യാസമാണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകൾ എ.എഫ്.എസ്, എ.സി.ആർ, എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | എ.എഫ്.എസ് ,എ.സി.ആർ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| Development Fund (General) | എ..എഫ്.എസ്/ എ.സി.ആർ | 21664739 | 1219 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 33069331 | -11403373 |
| Development Fund (SCP) | എ..എഫ്.എസ്/ എ.സി.ആർ | 6549344 | 2403930 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 6371239 | -2582035 |
| Maintanance Fund (Road) | എ..എഫ്.എസ് | 21375726 | 0 |
| | എ.സി.ആർ | 22154892 | -681892 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 21375726 | 5551900 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 12ന് മറുപടി ലഭ്യമായില്ല.

## 1-4-2 ലഭ്യമായ അലോട്ട്മെന്റിനു അനുസൃതമായി പദ്ധതികൾക്ക് അടങ്കൽ വകയിരുത്തിയില്ല

അനുബന്ധം IVപ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന് വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് അനുസൃതമായി താഴെ പറയുന്ന പദ്ധതികൾക്ക് അടങ്കൽ വച്ചിട്ടില്ല.

1.അങ്കണവാടി പോഷകാഹാര വിതരണത്തിനായി 5621749/- രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ 4800000/-രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

2.ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണത്തിനായി 3549700/- രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ 2066250/-രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

3.ആശ്രയ പദ്ധതിയ്ക്കായി 1354000/- രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ 310000/-രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12-ന് മറുപടി ലഭിച്ചില്ല.

## 1-5 പദ്ധതി അവലോകനം

2020-21 ൽ കഠിനംകുളം ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 343639048 | 163 | 135150925 | 2 | 80 | 66.53 |

പദ്ധതി അടങ്കൽ തുകയായി വകയിരുത്തിയ തുകയുടെ 39.33% മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

സബ് ഇൻസ്പെക്ടർ ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി 8 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും 3 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ആകെ 7751166/- രൂപ വകയിരുത്തിയതിൽ 3402326/- രൂപ മാത്രമാണ് ചെലവഴിച്ചത്. തീരദേശ മേഖലയിലെ മത്സ്യതൊഴിലാളികൾക്ക് ഏറെ പ്രയോജനപ്രദമായ പദ്ധതികൾ നടപ്പിലാക്കാത്തത് ഗുരുതരമായ വീഴ്ചയായി കാണുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ ആകെ 110 പദ്ധതികൾ നടപ്പിലാക്കുന്നതിനായി തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 89 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 Xii (ഇ) യിൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സബ് ഇൻസ്പെക്ടർ ഫിഷറീസ്, വി.ഇ.ഒ., സെക്രട്ടറി, അസി. എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗ സ്ഥരായി 2020-21 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന 17 പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല.

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 447572 | 1943135 | 2390707 | 2380722 | 9985 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 44683623 | 44683623 | 44683623 | 0 |
| ആകെ | 447572 | 46626758 | 47074330 | 47064345 | 9985 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 575300 | 30 |
| വിധവ പെൻഷൻ | 40630300 | 2200 |
| വാർദ്ധക്യകാലപെൻഷൻ | 78875600 | 4292 |
| വികലാംഗപെൻഷൻ | 16053000 | 793 |
| വിവാഹധനസഹായം | - | - |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1323300 | 70 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 8,68,000/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| പേര് | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ജുബൈരിയത്ത് ബീവി | വാർദ്ധക്യകാലം | 13.4.20 | ആക്ടീവ് | 04/21 വരെ Deceased എന്നു കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. 05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| ജമീലാബീവി | വിധവപെൻഷൻ | 19.2.20 | ആക്ടീവ് | 04/21 വരെ Deceased എന്നു കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. 05/21 മുതൽ | 6400 |

| | | | | | |
|---|---|---|---|---|---|
| | | | | 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | |
| വിക്ടർലോപ്പസ് | വാർദ്ധക്യകാലം | 28.4.20 | ആക്ടീവ് | 05/20 മുതൽ 08/21വരെ | 23300 |
| സെലിൻ | വാർദ്ധക്യകാലം | 3.6.20 | ആക്ടീവ് | 07/20 മുതൽ 08/21വരെ | 8400 |
| തോബിയാസ് | വാർദ്ധക്യകാലം | 31.5.20 | ആക്ടീവ് | 07/20 മുതൽ 08/21വരെ | 21500 |
| റോസമ്മ | വിധവപെൻഷൻ | 20.5.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. 05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| ശകുന്തള | വാർദ്ധക്യകാലം | 29.5.20 | ആക്ടീവ് | 07/20 മുതൽ 08/21വരെ | 20700 |
| വിലാസിനി | വാർദ്ധക്യകാലം | 4.6.20 | ആക്ടീവ് | 07/20 മുതൽ 10/20വരെ | 5400 |
| റോബർട്ട് എ പെരേര | വാർദ്ധക്യകാലം | 8.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| രാജപ്പൻ മുത്തയ്യൻ | വാർദ്ധക്യകാലം | 25.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| റിച്ചാർഡ് സെബാസ്റ്റ്യൻ | വാർദ്ധക്യകാലം | 16.6.20 | ആക്ടീവ് | 07/20മുതൽ06/21 വരെ | 18300 |
| ജോർജ്ജ് റിച്ചാർഡ് | വാർദ്ധക്യകാലം | 22.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 8400 |
| പീറ്റർ പെരേര | വികലാംഗ പെൻഷൻ | 30.6.20 | ആക്ടീവ് | 7/20മുതൽ08/21 വരെ | 20700 |
| മുഹമ്മദ് ഇബ്രാഹിം | വാർദ്ധക്യകാലം | 04.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| അസുമാബീവി | വാർദ്ധക്യകാലം | 19.7.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. 05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| പൊന്നമ്മ | വാർദ്ധക്യകാലം | 18.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| സരസ്സമ്മ | വിധവാപെൻഷൻ | 14.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| നൂഹ | വാർദ്ധക്യകാലം | 23.7.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| ശ്രീനിവാസൻ | വാർദ്ധക്യകാലം | 13.7.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 20700 |
| ഡോറ | വാർദ്ധക്യകാലം | 29.6.20 | ആക്ടീവ് | 07/20മുതൽ08/21 വരെ | 21500 |
| തങ്കമ്മ | വാർദ്ധക്യകാലം | 30.1.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. | 6400 |

| | | | | | |
|---|---|---|---|---|---|
| | | | | 05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | |
| സെലിൻ | വികലാംഗ പെൻഷൻ | 8.820 | ആക്ടീവ് | 09/20 മുതൽ 8/21വരെ | 18100 |
| സൈനബാബീവി | വാർദ്ധക്യകാലം | 7.8.20 | ആക്ടീവ് | 09/20മുതൽ 12/20വരെ | 6000 |
| ലൂസിയപെരേര | വാർദ്ധക്യകാലം | 31.7.20 | ആക്ടീവ് | 03/20 മുതൽ 08/21വരെ | 18500 |
| ലോറൻസ് | വാർദ്ധക്യകാലം | 12.6.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. 05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| സെലിൻ പെരേര | വാർദ്ധക്യകാലം | 14.8.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| ഷാഹുൽഹമീദ് | വാർദ്ധക്യകാലം | 24.8.20 | ആക്ടീവ് | 05/21മുതൽ08/21 വരെ | 2400 |
| കൃഷ്ണമ്മ | വാർദ്ധക്യകാലം | 30.7.20 | ആക്ടീവ് | 07/20മുതൽ04/21 വരെ | 11700 |
| ഡൊമിനിക് | വാർദ്ധക്യകാലം | 26.8.20 | ആക്ടീവ് | 09/20മുതൽ08/21 വരെ | 7200 |
| സരസ്സമ്മ | വാർദ്ധക്യകാലം | 11.9.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| റോസിലിഫ്രാങ്ക്ളിൻ | വാർദ്ധക്യകാലം | 12.9.20 | ആക്ടീവ് | 10/20മുതൽ08/21 വരെ | 16700 |
| ജെയിൻപെരേര | വാർദ്ധക്യകാലം | 22.8.20 | ആക്ടീവ് | 09/20മുതൽ08/21 വരെ | 18100 |
| ഉമ്മൻഹക്കിഉമ്മാൾ | വാർദ്ധക്യകാലം | 21.8.20 | ആക്ടീവ് | 09/20മുതൽ08/21 വരെ | 18500 |
| ഭാസ്കരൻ | വാർദ്ധക്യകാലം | 13.9.20 | ആക്ടീവ് | 10/20മുതൽ08/21 വരെ | 17000 |
| ജെസിയാസ് | വാർദ്ധക്യകാലം | 18.9.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| സിസിലിജോസഫ് | വാർദ്ധക്യകാലം | 10.9.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 | 2400 |

| | | | | | |
|---|---|---|---|---|---|
| | | | | വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | |
| ഗോവിന്ദൻആശാരി | വാർദ്ധക്യകാലം | 29.9.20 | ആക്ടീവ് | 04/21 വരെ Return എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| സുദർശനൻ | വാർദ്ധക്യകാലം | 6.9.20 | ആക്ടീവ് | 10/20മുതൽ08/21 വരെ | 16700 |
| ലളിത | വാർദ്ധക്യകാലം | 23.9.20 | ആക്ടീവ് | 10/20മുതൽ08/21 വരെ | 16700 |
| അമ്മു | വാർദ്ധക്യകാലം | 25.8.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| സെബാസ്റ്റ്യൻ | വാർദ്ധക്യകാലം | 7.9.20 | ആക്ടീവ് | 10/20മുതൽ08/21 വരെ | 13400 |
| നഫീസത്ത് | വാർദ്ധക്യകാലം | 12.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15300 |
| മുഹമ്മദ്ഹുസൈൻ | വാർദ്ധക്യകാലം | 1.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15300 |
| രത്നമ്മ | വിധവാപെൻഷൻ | 17.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15300 |
| ആഞ്ചില | വാർദ്ധക്യകാലം | 16.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15300 |
| സുകുമാരൻ | വാർദ്ധക്യകാലം | 27.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15500 |
| ഗേളിഡിക്രൂസ് | വാർദ്ധക്യകാലം | 14.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15300 |
| ബേബി | വിധവാപെൻഷൻ | 12.10.20 | ആക്ടീവ് | 11/20മുതൽ08/21 വരെ | 15300 |
| വർഗ്ഗീസ് | വാർദ്ധക്യകാലം | 24.10.20 | ആക്ടീവ് | 05/21മുതൽ08/21 വരെ | 2400 |
| ബ്രിട്ടോഡിക്രൂസ് | വാർദ്ധക്യകാലം | 15.10.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| ഹാജർഉമ്മാൾ | വിധവപെൻഷൻ | 22.10.20 | ആക്ടീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| അബ്ദുൾസലാം | വാർദ്ധക്യകാലം | 6.12.20 | ആക്ടീവ് | 01/21മുതൽ08/21 വരെ | 12500 |
| ക്ളീറ്റസ് | വാർദ്ധക്യകാലം | 27.11.20 | ആക്ടീവ് | 12/20മുതൽ02/21 വരെ | 4400 |
| ഡോർത്ത | വാർദ്ധക്യകാലം | 7.12.20 | ആക്ടീവ് | 01/21മുതൽ08/21 വരെ | 4800 |
| മുഹമ്മദ്റഷീദ് | വാർദ്ധക്യകാലം | 28.11.20 | ആക്ടീവ് | 12/20മുതൽ08/21 വരെ | 13100 |

| | | | | | |
|---|---|---|---|---|---|
| ജോസഫിസ്റ്റീഫൻ | വാർദ്ധക്യകാലം | 27.10.20 | ആക്റ്റീവ് | 11/20മുതൽ08/21 വരെ | 6000 |
| മേഴ്സിജോസഫ് | വികലാംഗപെൻഷൻ | 17.11.20 | ആക്റ്റീവ് | 12/20മുതൽ08/21 വരെ | 13900 |
| ദേവകി | വിധവാപെൻഷൻ | 8.12.20 | ആക്റ്റീവ് | 01/21മുതൽ08/21 വരെ | 12500 |
| സാവിത്രിയമ്മ | വാർദ്ധക്യകാലം | 24.12.20 | ആക്റ്റീവ് | 01/21മുതൽ08/21 വരെ | 12500 |
| ലാസിപൗലോസ് | വിധവാപെൻഷൻ | 10.7.20 | ആക്റ്റീവ് | 09/20മുതൽ08/21 വരെ | 18100 |
| വേലപ്പൻപിള്ള | വാർദ്ധക്യകാലം | 21.12.20 | ആക്റ്റീവ് | 01/21മുതൽ08/21 വരെ | 12500 |
| ബഷീർ | വാർദ്ധക്യകാലം | 29.12.20 | ആക്റ്റീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| നാരായണി | വാർദ്ധക്യകാലം | 7.1.21 | ആക്റ്റീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 6400 |
| മുഹമ്മദ്ഷാഫി | വാർദ്ധക്യകാലം | 28.1.21 | ആക്റ്റീവ് | 02/21മുതൽ08/21 വരെ | 11000 |
| കിദിർമുഹമ്മദ് | വാർദ്ധക്യകാലം | 20.3.20 | ആക്റ്റീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| രവി | വാർദ്ധക്യകാലം | 9.2.21 | ആക്റ്റീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| രത്നമ്മഅമ്മ | വാർദ്ധക്യകാലം | 28.1.21 | ആക്റ്റീവ് | 04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| സ്റ്റെല്ലസിറിൾ | വാർദ്ധക്യകാലം | 14.2.21 | ആക്റ്റീവ് | 03/21മുതൽ08/21 വരെ | 9500 |
| ശാന്ത | വാർദ്ധക്യകാലം | 31.1.21 | ആക്റ്റീവ് | 01/21മുതൽ08/21 വരെ04/21 വരെ Deceased എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.05/21 മുതൽ 08/21 വരെ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 2400 |
| മാർസലിൻ | വാർദ്ധക്യകാലം | 26.3.21 | ആക്റ്റീവ് | 04/21മുതൽ08/21 വരെ | 3000 |

| | | | | | |
|---|---|---|---|---|---|
| മര്യപിള്ള | വാർദ്ധക്യകാലം | 29.3.21 | ആക്ടീവ് | 04/21മുതൽ08/21 വരെ | 8000 |
| ജാനമ്മ | വാർദ്ധക്യകാലം | 30.3.21 | ആക്ടീവ് | 04/21മുതൽ08/21 വരെ | 8000 |
| സുധ | അവിവാഹിത | 30.3.21 | ആക്ടീവ് | 04/21മുതൽ08/21 വരെ | 8000 |
| ആരിഫാബീവി | വിധവപെൻഷൻ | 28.3.21 | ആക്ടീവ് | 04/21മുതൽ08/21 വരെ | 8000 |
| സമീമബീവി | വിധവപെൻഷൻ | 17.3.21 | ആക്ടീവ് | 04/21മുതൽ08/21 വരെ | 8000 |
| സുബൈദാബീവി | വാർദ്ധക്യകാലം | 23.3.21 | ആക്ടീവ് | 04/21മുതൽ08/21 വരെ | 8000 |
| അനക്ലീറ്റസ് ലോപ്പസ് | വാർദ്ധക്യകാലം | 20.321 | ആക്ടീവ് | 05/21മുതൽ08/21 വരെ | 6400 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

മരണപ്പെട്ടു എന്ന് രേഖപ്പെടുത്തി പെൻഷൻ നൽകാതിരിക്കുകയും എന്നാൽ കുറച്ച് മാസങ്ങൾ കഴിഞ്ഞ് വീണ്ടും പെൻഷൻ തുക സഹകരണബാങ്കിലേക്ക് നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നത് വിശദമായി അന്വേഷിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28 തീയതി 28.9.21ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകളുടെ മുഴുവൻ വിശദാംശങ്ങളും പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി 2 മാസത്തിനകം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 8,68,000/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2021 തീയതിയിൽ 04.15PM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51,794/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയുംപരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2) നിർവ്വഹണോദ്യോഗസ്ഥരിൽ എല്ലാ പേരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല,

3) പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്.

4)ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5)നിർവ്വഹണോദ്യോഗസ്ഥർ പ്രേജക്ട് ഫയലുകളിൽ അവശ്യം വേണ്ട സാക്ഷ്യപത്രങ്ങളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്. കരാർ മുദ്രപത്രങ്ങളിൽ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ ഒപ്പു മാത്രം രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

7) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നില്ല.

8) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ സ്ഥലപരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് കാരണവും, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണവും എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്താനിടയാക്കുന്നു.

9) മത്സരാധിഷ്ഠിത ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിക്കാതെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

10) ഗുണഭോക്താക്കളുടെ മരണശേഷവും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

11)നിക്ഷേപ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ നിക്ഷേപം സംബന്ധിച്ച് വ്യക്തത വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

12)പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സ് സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം തൃപ്തികരമായി എഴുതി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.05.2019 | 01/2019 മുതൽ 03/2019 വരെ | 16.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.2016 മുതൽ 17.10.2016 വരെ | 2011-12 മുതൽ 2015-16 വരെ | 18.11.2016 |

## 1-11 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-2021 വർഷത്തെ വസ്തു നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-11-1 നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം സൂക്ഷിക്കുന്നില്ല

2020-2021 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതു സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ

സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം 2020-2021 സാമ്പത്തിക വർഷം നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/24.09.2021)-ന് മറുപടി ലഭ്യമായില്ല.

നികുതിയിളവുകൾ നൽകുന്നതോടൊപ്പം സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിക്കുന്ന രേഖകൾ സൂക്ഷിക്കുന്നതിനും ഓരോ സ്ഥാപനവും ബാധ്യസ്ഥരാണ്. ആയതിനാൽ പ്രസ്തുത രേഖകൾ കെട്ടിട ഉടമകളിൽ നിന്നും ഉടനെ ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അപാകത വരുവർഷങ്ങളിൽ പരിഹരിക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-2 ഫോം 6 സൂക്ഷിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരമുള്ള ഫോറം 6 പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇപ്രകാരം സൂക്ഷിക്കേണ്ട ഫോം 6 സ്ഥാപനം സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/24.09.2021)-ന് മറുപടി ലഭ്യമായില്ല.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച പ്രസ്തുത നടപടിക്രമം പാലിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി വിവരം ഫോറം 6 ൽ ശേഖരിച്ച ശേഷം മാത്രം നികുതി നിർണ്ണയം നടത്തേണ്ടതാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-3 മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം സൂക്ഷിച്ചിരിക്കുന്ന മാപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/24.09.2021)-ന് മറുപടി ലഭ്യമായില്ല.മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-4 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയിച്ച് നികുതി കണക്കാക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് 1

മാത്രം പരിശോധിച്ചതിൽ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം | ഉപയോഗക്രമം | റോഡ് ടൈപ്പ്/ പേര് | മേഖല | വസ്തു നികുതി – തുക |
|---|---|---|---|---|---|---|---|---|
| 1 | 1 | 3 | മുഹമ്മദ് ഷാഫി (വടക്കേത്തൈവിളാകം, ചേരമാൻ തുരുത്ത്, പുത്തൻകുറിച്ചി പി ഒ | താഴത്തെ നില (70 ച മീ ) | പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ/ ചേരമാൻതുരുത്ത് കോൺവെൻറ് റോഡ് | ദ്വിതീയം | 78/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 1 | 4 | സുനിൽ ഉമ്മർ (വി.റ്റി ഹൌസ്, വടക്കേതൈവിളാകം, ചേരമാൻതുരുത്ത്, പുത്തൻകുറിച്ചി പി ഒ, | താഴത്തെ നില (100 ച മീ ),ഒന്നാം നില (75 ച മീ ) | പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ/ ചേരമാൻതുരുത്ത് കോൺവെൻറ് റോഡ് | തൃതീയം | 152/- |
| 3 | 1 | 247 | അബ്ദുൾ ലത്തീഫ്(പണ്ടാരത്തോപ്പ്, ചേരമാൻതുരുത്ത്, പുത്തൻകുറിച്ചി പി ഒ | താഴത്തെ നില (90 ച മീ ) | പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ/ ചേരമാൻതുരുത്ത് കോൺവെൻറ് റോഡ് | തൃതീയം | 70/- |
| 4 | 1 | 247/ 1 | സജിത സുൽഫിക്കർ (പണയിൽ വീട്,പണ്ടാരത്തോപ്പ്, ചേരമാൻതുരുത്ത്, പുത്തൻകുറിച്ചി പി ഒ,695303) | താഴത്തെ നില (34.27 ച മീ | പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ/ ചേരമാൻതുരുത്ത് കോൺവെൻറ് റോഡ് | ദ്വിതീയം | 227/- |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/24.09.2021)-ന മറുപടി ലഭ്യമായില്ല.

അപാകത മൂലം വസ്തുനികുതി ഇനത്തിൽ കുറവു വന്നിട്ടുള്ള എല്ലാ വാർഡിലേയും എൻട്രികൾ കണ്ടെത്തി അവ പരിഹരിച്ച കൃത്യമായ നികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത അപാകത സഞ്ചയയിൽ ഉടനെ പരിഹരിച്ച റിപ്പോർട്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത വരുംവർഷങ്ങളിൽ ഉണ്ടാകാതെ സൂക്ഷിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-5 കെട്ടിടങ്ങൾക്ക് ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2020-2021 വർഷത്തെ വസ്തു നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം - കാലയളവ് |
|---|---|---|---|---|
| 1 | 2 | 770 | സുമയ്യ(ദയ,കഠിനംകുളം, പുത്തൻകുറിച്ചി പി ഒ,695303) | 2016 First Half |
| 2 | 4 | 771 | സഫറുള്ള(സല്വ വില്ല,ചാന്നാങ്കര, ചാന്നാങ്കര പി ഒ,695301) | 2016 First Half |

| | | | | |
|---|---|---|---|---|
| 3 | 6 | 756 | ഗിരിജപ്രസന്നൻ (ദ്വാരക,പടിഞ്ഞാറ്റമുക്ക്, ചിറ്റാറ്റുമുക്ക് പി ഒ) | 2014 First Half |
| 4 | 10 | 515 | ഡോ. ജയ കുമാരൻ. എസ് (അപ്പാർട്ട്മെൻറ് നം. 14ഡി,ബ്ലോക്ക് നം 5 അസറ്റ്ഹോംസ്) | 2013 First Half<br>2014 First Half<br>2015 First Half<br>2016 First Half |
| 5 | 9 | 586 | ശശികല(ആർ എസ് നിവാസ്) | 2014 First Half<br>2014 Second Half<br>2015 First Half<br>2015 Second Half<br>2016 First Half<br>2017 First Half<br>2018 First Half |
| 6 | 11 | 587 | മോഹനൻ നായർ(പ്രശാന്ത് ഭവൻ, വിളയിൽകുളം,കഴക്കൂട്ടം പി ഒ പി ഒ) | 2009 First Half<br>2009 Second Half<br>2010 First Half<br>2010 Second Half<br>2011 First Half<br>2011 Second Half<br>2012 First Half<br>2012Second Half |
| 7 | 16 | 762 | രേഖപ്പെടുത്തിയിട്ടില്ല | 2014 First Half<br>2014 Second Half<br>2015 First Half<br>2015 Second Half<br>2016 First Half<br>2016 Second Half |
| 8 | 18 | 477/1 | യോഹന്നാൻ(ജൻറൽ ഹൌസ്,വെട്ടുതുറ, ചാന്നാങ്കര പി ഒ,695301), മേരി(ജൻറൽ ഹൌസ്,വെട്ടുതുറ, ചാന്നാങ്കര പി ഒ,695301) | 2009 First Half<br>2010 First Half<br>2011 First Half<br>2012 First Half |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (20/25.09.2021)-ന മറുപടി ലഭ്യമായില്ല.

അപാകത സംഭവിച്ചിട്ടുള്ള എല്ലാ വാർഡിലേയും എൻട്രികൾ കണ്ടെത്തി അവ പരിഹരിച്ച കൃത്യമായ നികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത അപാകത സഞ്ചയയിൽ ഉടനെ പരിഹരിച്ച റിപ്പോർട്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത വരുംവർഷങ്ങളിൽ ഉണ്ടാകാതെ സൂക്ഷിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-6 റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു

2020-2021 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. റസീപ്റ്റുകൾ പ്രസ്തുത ദിവസത്തെ ഡേ ബുക്ക് പരിശോധിച്ചതിൽ എൻട്രി ഇല്ലാത്തവയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്, ഡോർ നമ്പർ | വർഷം, കാലയളവ് | റസീപ്റ്റ് നമ്പർ | റസീപ്റ്റ് തീയതി | തുക | കളക്ഷൻ വർഷം | എൻട്രി മോഡ് | ക്യാൻസൽഡ് റസീപ്റ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 10/1914 | 2020 First Half | 120230100022 | 29/04/2020 | 461 | 2020 | Jansevanakendram / Front Office | Decscription |
| 2 | 10/1914 | 2020 Second Half | 120230100022 | 29/04/2020 | 461 | 2020 | Jansevanakendram / Front Office | Decscription |
| 3 | 10/1905 | 2020 First Half | 120230100023 | 29/04/2020 | 461 | 2020 | Jansevanakendram / Front Office | Decscription |
| 4 | 10/1905 | 2020 Second Half | 120230100023 | 29/04/2020 | 461 | 2020 | Jansevanakendram / Front Office | Decscription |
| 5 | 10/1888 | 2020 First Half | 120230100024 | 29/04/2020 | 461 | 2020 | Jansevanakendram / Front Office | Decscription |
| 6 | 10/1888 | 2020 Second Half | 120230100024 | 29/04/2020 | 461 | 2020 | Jansevanakendram / Front Office | Decscription |
| 7 | 1/539 | 2020 First Half | 120230100296 | 25/05/2020 | 458 | 2020 | Jansevanakendram / Front Office | Payee Details |
| 8 | 1/539 | 2020 Second Half | 120230100296 | 25/05/2020 | 458 | 2020 | Jansevanakendram / Front Office | Payee Details |
| 9 | 10/70 | 2020 First Half | 120290102802 | 12/03/2021 | 93 | 2020 | Jansevanakendram / Front Office | Decscription |
| 10 | 10/70 | 2020 Second Half | 120290102802 | 12/03/2021 | 91 | 2020 | Jansevanakendram / Front Office | Decscription |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (23/25.09.2021)-ന്ന മറുപടി ലഭ്യമായില്ല.

പ്രസ്തുത അപാകത സംഭവിച്ച സഞ്ചയയിലെ മുഴുവൻ എൻട്രികളും കണ്ടെത്തി ഉടനെ റസീപ്റ്റ് വിവരങ്ങൾ കാലികമാക്കേണ്ടതാണ്. ഇപ്രകാരം വസ്തുനികുതിയിനത്തിൽ ലഭ്യമാകേണ്ട തുകകൾ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി പുതിയ റസീപ്റ്റ് വിവരങ്ങൾ സഞ്ചയയിൽ നൽകി അപാകതകൾ പരിഹരിച്ച റിപ്പോർട്ട് കൃത്യമായ റസീപ്റ്റ് വിവരങ്ങളടക്കം ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്. വരുവർഷങ്ങളിൽ പ്രസ്തുത അപാകത സംഭവിക്കാതെ എൻട്രികൾ കാലികമാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12 തൊഴിൽനികുതി ഈടാക്കിതിലെ അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

### 1-12-1 തൊഴിൽനികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

1. ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം വരവ് 4740000/- ആണ്. . എന്നാൽ എ എഫ് എസ് പ്രകാരം വരവ് 4706000/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ലഭ്യമാക്കിയ രജിസ്റ്ററിൽ സ്ഥാപനങ്ങൾ രണ്ടു അർദ്ധവർഷങ്ങളിലും അടവാക്കിയ തുകയുടെ വിശദാംശങ്ങൾ (റസീപ്റ്റ് നമ്പർ, തീയതി, തുക) എന്നില കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. പ്രസ്തുത രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച എൻക്വയറിക്ക് (17/24.09.2021) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച രജിസ്റ്ററുകളും ഫയലുകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-12-2 തൊഴിൽനികുതി സമയപരിധിക്കുള്ളിൽ ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിന് മുമ്പ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം ചുവടെ തന്നിരിക്കുന്ന സ്ഥാപനങ്ങൾ നികുതി ഈ സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | അപാകത |
|---|---|---|---|
| 1 | MNREGS കഠിനംകുളം | 2020 II Half | അടവാക്കിയിട്ടില്ല. |
| 2 | സെന്റ്. ആൻഡ്രൂസ് യു പി എസ് | 2020 II Half | അടവാക്കിയിട്ടില്ല. |
| 3 | മൗലാനാ ആസാദ് സെക്കൻഡറി സ്കൂൾ | 2020 II Half | അടവാക്കിയിട്ടില്ല. |
| 4 | ബി പി എം യു പി എസ്, വെട്ടുതുറ | 2020 II Half | അടവാക്കിയിട്ടില്ല. |
| 5 | നൈസ് അക്കാഡമി | 2020 I Half | അടവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 6 | ഡി എച്ച് എൽ സപ്ലൈ ചെയിൻ പ്രൈ. ലിമിറ്റഡ് | 2020 II Half | അടവാക്കിയിട്ടില്ല. |
| 7 | സോഫ്റ്റ് ലാന്റ് ഇൻഡ്യ ലിമിറ്റഡ് | 2020 II Half | അടവാക്കിയിട്ടില്ല. |
| 8 | ഉപ്പൂട്ടിൽ ടൈയേഴ്സ്, കിൻഫ്രാ | - | അടവാക്കിയതു ഏതു അർദ്ധവർഷം എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 9 | ഉഷസ് ഇൻഡസ്ട്രീസ് | 2020 I Half | അടവാക്കിയിട്ടില്ല. |
| 10 | പ്രിസം ജോൺസൺ | 2020 I Half | അടവാക്കിയിട്ടില്ല. |

അപാകത സംബന്ധിച്ച എൻക്വയറിക്ക് (18/24.09.2021) മറുപടി ലഭ്യമായില്ല.

ഇപ്രകാരം തൊഴിൽ നികുതി സമയബന്ധിതമായിഅടയ്ക്കുന്നതിൽ 2020-2021 സാമ്പത്തിക വർഷത്തിൽ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങൾക്കും എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, വകുപ്പ് 205 കെ പ്രകാരം നടപടി സ്വീകരിച്ച് നടപടിക്രമങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങളും സ്ഥാപനങ്ങളുടെ പട്ടികയും അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതാണ്.

അപാകത പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12-3 തൊഴിൽനികുതി സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ഈടാക്കുന്നില്ല

ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി 2020-2021 സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല. പ്രസ്തുത അപാകതയ്ക്ക് കാരണം വിശദമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | കഠിനംകുളം പോലീസ് സ്റ്റേഷൻ |
| 2 | സെന്റ്. ജൂഡ് ഇ എം,എൽ.പി.എസ് |
| 3 | ഔവർ ലേഡി ഓഫ് മേഴ്സി എച്ച്.എസ്.എസ്, പുതുക്കുറിച്ചി |
| 4 | സെന്റ്. മാർത്താസ് സ്പെഷ്യൽ സ്കൂൾ |
| 5 | കഠിനംകുളം ഗ്രാമപഞ്ചായത്ത് |

അപാകത സംബന്ധിച്ച എൻക്വയറിക്ക് (18/24.09.2021) മറുപടി ലഭ്യമായില്ല.

തൊഴിൽനികുതി കൃത്യമായി ഈടാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധ ചെലുത്തേണ്ടതാണ്. തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്റർ സെക്രട്ടറി കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12-4 സ്ഥാപനനികുതി ഈടാക്കുന്നില്ല

ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി 2020-2021 സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല. പ്രസ്തുത അപാകതയെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (18/24.09.2021) മറുപടി ലഭ്യമായില്ല.

സാമ്പത്തിക വർഷം പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും 1994-ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരമുള്ള സ്ഥാപനനികുതി ഈടാക്കി പ്രസ്തുത വിവരം രേഖകളോടൊപ്പം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി സ്ഥാപനനികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12-5 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്/ പദ്ധതി നമ്പർ | പ്രവർത്തിയുടെ കാലാവധി |
|---|---|---|
| 1 | ശശീന്ദ്രൻ നായർ ജി/148,168,174,196,194,203,214 | 6 മാസം |
| 2 | ജി. അജയകുമാർ/209 | 6 മാസം |
| 3 | അജി പി/188,187,181,219,205,222,212,211 | 6 മാസം |
| 4 | റ്റി ഗോപകുമാർ/224 | 6 മാസം |
| 5 | പ്രവീൺ ഡി/139,204 | 6 മാസം |
| 6 | ഷിനാബുദ്ദീൻ എസ്/132 | 6 മാസം |
| 7 | ആർ. ചന്ദ്രശേഖരൻ/163,228 | 6 മാസം |

പ്രസ്തുത വിവരം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (19/25.09.2021) കരാറുകാരുടെ വിവരങ്ങൾ മാത്രമാണ് നൽകിയത്.

തൊഴിൽനികുതി പ്രസ്തുത കരാറുകാരിൽ നിന്നും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഉടനെ ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ 2020-2021 വർഷത്തെ ലൈസൻസ് സംബന്ധമായ ലഭ്യമായ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-13-1 രജിസ്റ്ററുകൾ പരിശോധിച്ചതിൽ തുകകൾ എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ തുകകൾ എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം തൊഴിൽനികുതി ഇനത്തിൽ ലഭ്യമായ തുക 224300/- രൂപ ആണ്. എന്നാൽ എ എഫ് എസ് പ്രകാരമുള്ള വരവ് 340880/- രൂപയാണ്.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. രജിസ്റ്റർ പ്രകാരം യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഇനത്തിലുള്ള വരവ് 18390/- രൂപയാണ്. എന്നാൽ എ എഫ് എസ് പ്രകാരമുള്ള വരവ് 33480/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/24.09.2021) മറുപടി ലഭ്യമായില്ല.

രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ സെക്രട്ടറി പരിശോധിച്ച സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിരിക്കുന്ന തുകകൾ സംബന്ധിച്ചിട്ടുള്ള അപാകതയ്ക്ക് മറുപടി ഉടനെ ഓഡിറ്റിനെ അനുബന്ധരേഖകളോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-13-2 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

ലഭ്യമാക്കിയ സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പൂർണ്ണമല്ല. രജിസ്റ്ററിൽ അപേക്ഷകൾ ലഭ്യമായ തീയതി , നമ്പർ, സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തുന്നില്ല.

2. 2020-2021 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

3. 2019-2020 സാമ്പത്തിക വർഷത്തെ ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം 296 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 240 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (30/28.09.2021) മറുപടിയായി കോവിഡ് മൂലമുള്ള കാലതാമസം മൂലമാണ് അപാകത സംബന്ധിച്ചതെന്ന മറുപടി നൽകി. പ്രസ്തുത മറുപടി സ്വീകാര്യമല്ല. ലൈസസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെപ്പറ്റി രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്തി ഫീസ്, പിഴ എന്നിവഈടാക്കി രജിസ്റ്റർ കാലികവും കൃത്യവുമാക്കി പരിശോധനയ്ക്ക് ഉടനെ ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13-3 ലൈസൻസ് ഫീസ്-മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ റൂൾ2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2020-2021 സാമ്പത്തിക വർഷത്തിൽ 240 അപേക്ഷകരിൽ നിന്നായി 165120/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (30/28.09.2021) 2020-2021 സാമ്പത്തിക വർഷം സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്ന മറുപടി നൽകി.

ലഭ്യമാകുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന വരുവർഷങ്ങളിൽ അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയെ ക്ഷണിക്കുന്നു.

## 1-13-4 ലൈസൻസ് രജിസ്റ്ററുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന എണ്ണം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിരിക്കുന്നു/ പുതുതായി എടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | രജിസ്റ്റർ പ്രകാരമുള്ള എണ്ണം |
|---|---|---|
| 1 | വ്യവസായ സ്ഥാപനങ്ങൾ | 240 |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 10 |
| 3 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | 0 |
| ആകെ | | 250 |

എന്നാൽ സഞ്ചയ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള എണ്ണം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു.

| ക്രമ നം. | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | റിസോർട്ടുകൾ | 2 റിക്കോർഡ്സ് |
| 2 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 62 റിക്കോർഡ്സ് |
| 3 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 72 റിക്കോർഡ്സ് |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 റിക്കോർഡ്സ് |
| 5 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 റിക്കോർഡ്സ് |
| 6 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 22 റിക്കോർഡ്സ് |
| 7 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 1627 റിക്കോർഡ്സ് |
| 8 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 57 റിക്കോർഡ്സ് |
| 9 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 34 റിക്കോർഡ്സ് |
| ആകെ | | 1881 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/28.09.2021) സഞ്ചയ പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ഏറിയ പങ്കും അടഞ്ഞുകിടക്കുന്നവയാണെന്നും ബാക്കിയുള്ളവയിൽ പ്രവർത്തിക്കുവാൻ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ലാത്ത സ്ഥാപനങ്ങൾ (ഗവ. അംഗീകൃത ഫിനാൻഷ്യൽ സ്ഥാപനങ്ങൾ, ബാങ്കുകൾ, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സംബന്ധമായ കെട്ടിടങ്ങളുടെ ഓഫീസുകൾ, പ്രത്യേക സാമ്പത്തിക മേഖലയായി പരിഗണിച്ചിട്ടുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ) ഉണ്ടെന്നും മറുപടി നൽകി. കോവിഡ് ലോക്ക്ഡൗൺ കാരണം പല സ്ഥാപനങ്ങളും പ്രവർത്തനം അവസാനിപ്പിച്ചതിനാലാണ് പ്രസ്തുത വ്യത്യാസത്തിനു കാരണം എന്നു മറുപടി നൽകി. എന്നാൽ സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയതു സംബന്ധിച്ചുള്ള ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ച് പ്രവർത്തനവിവരം ഉടനെ തന്നെ പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിവരം സഞ്ചയയിൽ നൽകി കാലികമാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവയിൽ നിന്നും പിഴ ഈടാക്കിയതു സബന്ധിച്ച വിവരങ്ങളും ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഉടനടി നടപടികൾ സ്വീകരിക്കുന്നതിലും രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ കാലികമാക്കുന്നതിലേക്കും സെക്രട്ടറിയുടെയും മറ്റ് ഘടകങ്ങളുടെയും ശ്രദ്ധ ക്ഷണിക്കുന്നു. അപാകത പരിഹരിക്കുന്നതോടൊപ്പം പ്രസ്തുത അപാകത വരുംവർഷങ്ങളിൽ സംഭവിക്കാതെ സൂക്ഷിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലേലത്തുക ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-2021 വർഷത്തെ ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭ്യമായ ലേല രജിസ്റ്റർ പ്രകാരം പേജ് നമ്പർ 13,14 എന്നിവയിലെ സ്ക്രാപ്പ് എന്ന ഇനത്തിൽ ഈടാക്കിയ തുക

സംബന്ധിച്ച ലേല ഡയറി , ലേല പരസ്യം എന്നിവ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

പ്രസ്തുത തുക വാർഷികധനകാര്യ പത്രികയിൽ ഏതു ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതു എന്നു വ്യക്തമാക്കിയില്ല.

2. ലഭ്യമായ രജിസ്റ്റർ പ്രകാരം മാർക്കറ്റ് റസീപ്റ്റ്സ് എന്ന ഇനത്തിൽ ഈടാക്കിയ തുക 597707/- ആണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ Receipts And Payment പത്രിക പ്രകാരം (RP43-431400105) പ്രസ്തുത ഇനത്തിൽ സാമ്പത്തിക വർഷത്തെ വരവ് തുക 37457/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| 1 | പഴയ കടമുറി VI/642 | 5472/- | 5472/- |
| 2 | പുതിയ കടമുറി -1 | 3200/- | 3200/- |
| 3 | പുതിയ കടമുറി -2 | 1500/- | 1500/- |
| 4 | പുതിയ കടമുറി -8 | 8125/- | 8125/- |
| 5 | പുതിയ കടമുറി -10 | 3250/- | 3250/- |
| 6 | പുതിയ കടമുറി -11 | 3600/- | 2400/- |
| ആകെ | | 25147/- | 23947/- |

ലഭ്യമാകാനുള്ള ബാക്കി തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

എന്നാൽ വാർഷികധനകാര്യപത്രികയിൽ Receipts And Payment പത്രിക പ്രകാരം (RP43-431400101) സാമ്പത്തിക വർഷത്തെ വാടക ഇനത്തിലുള്ള വരവ് 22,747/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (25/25.09.2021) മറുപടി ലഭ്യമായില്ല.

രജിസ്റ്ററുകളും ഫയലുകളും സമയബന്ധിതമായി തയ്യാറാക്കി അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ സെക്രട്ടറിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും വീഴ്ച വരുത്തിയതു മൂലം വരവിന്റെ ആധികാരികതയും വരവിനത്തിൽ ഉണ്ടായ അപാകതകളും ഓഡിറ്റിനു പരിശോധിക്കാനായിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും ഫയലുകളും ഉടനെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സെക്രട്ടറിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 വരവ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

എ.എഫ്.എസ് പ്രകാരം റെന്റ് റിസീവബിൾ ഫ്രം ലീസ് ഓഫ് ലാൻഡ്സ് (കറന്റ്) എന്ന ഇനത്തിൽ 68/- രൂപ വരവുണ്ട്. പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (17/24.09.2021) മറുപടി ലഭ്യമായില്ല.

പ്രസ്തുത വരവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 ദുരന്തനിവാരണ പദ്ധതി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.

2."ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (36/28.09.2021) മറുപടി നൽകിയത്. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രസ്തുത പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ഇപ്രകാരം ഫണ്ട് പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (37/28.09.2021) ദുരിതാശ്വാസ നിധി രൂപികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി.

സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നില്ല

2020-2021 സാമ്പത്തിക വർഷത്തെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികൾക്ക് വകയിരുത്തിയ തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/പേര് | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | 14/2020-2021<br>ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി-സംയോജിത പ്രോജക്ട് | 900000/- | 353673/- | 39.297% |
| 2 | 25/2020-2021<br>കറവപ്പശുവിന് കാലിത്തീറ്റ സബ്സിഡി | 1600000/- | 19125/- | 1.195% |
| 3 | 94/2020-2021<br>ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി-സംയോജിത പ്രോജക്ട് (SO) | 205757/- | 203057/- | 98.68% |
| 4 | 202/2020-2021<br>കറവപ്പശു വിതരണം 2020-21 | 1100000/- | 0/- | 0% |
| ആകെ | | 3805757/- | 575855/- | 15.131% |

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (24/25.09.2021) ഫണ്ട് അപര്യാപ്തമായതിനാലാണ് ചെലവഴിക്കാൻ സാധിക്കാതെ വന്നതെന്നാണ് മറുപടി നൽകിയത്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

ബിൽ ബുക്ക് പരിശോധിച്ചതിൽ ബില്ലുകൾ കൂടുതലും തയ്യാറാക്കിയിരിക്കുന്നതും ഇടപാടുകൾ നടത്തിയിരിക്കുന്നതും മാർച്ച് 2021 മാസത്തിലാണ്. സാമ്പത്തിക വർഷാവസാനത്തിലാണ് കൂടുതൽ ബില്ലുകൾ മാറിയിരിക്കുന്നത്. സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉത്തരവാദിത്തപരമായ നടപടികൾ ഉണ്ടായിട്ടില്ല. നിരുത്തരവാദിത്തപരമായ പദ്ധതി നിർവ്വഹണമാണ് മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലയിൽ വകയിരുത്തിയ തുക ഇപ്രകാരം ചെലവഴിക്കാൻ സാധിക്കാതെ വരുവാൻ ഇടയാക്കിയത്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് വകയിരുത്തിയ തുക ചെലവഴിക്കാതെ പാഴാക്കിയ പ്രവണത അംഗീകരിക്കാവുന്നതല്ല. പ്രസ്തുത അപാകത സംബന്ധിച്ച് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതികളുടെ അവസ്ഥ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വരുംവർഷങ്ങളിൽ പ്രസ്തുത അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഇ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും പൂർണ്ണമായും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്ക വരുത്തിയിട്ടില്ല

2015 ജനവരി മുതൽ 2019 മേയ് 31 വരെ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിലെ ഇ- ടെണ്ടർ വെബ്സൈറ്റ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടുമായാണ് ബന്ധിപ്പിച്ചിരുന്നത്. 2015 ജനവരി ഏപ്രിൽ മുതൽ 2019 മേയ് 31 വരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോയ ഇ ടെണ്ടർ ഫീസായ 5,17,669/- രൂപ 2020 മാർച്ച് മാസം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ തിരികെ നൽകിയിട്ടുണ്ട് എന്നും പ്രസ്തുത തുക കഠിനംകുളം പഞ്ചായത്ത് തനത് ഫണ്ടിലേക്ക് നൽകിയതായി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 21/14.9.2021) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. 2019 ജൂൺ മുതൽ പ്രസ്തുത ഇനത്തിൽ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് പോയ തുക ഇതുവരെയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

2019 മാർച്ച് മാസം മുതൽ ടെണ്ടർ ഇനത്തിൽ വരുന്ന തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള 3712630924-ാം നം അക്കൗണ്ടിലേക്കാണ് ഒടുക്ക വരുത്തുന്നത് അസി.എഞ്ചിനീയർ 2018-19 വർഷത്തെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയുട്ടുള്ളത്. എന്നാൽ ഇപ്പോഴും ഈ ഇനത്തിൽ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. 2019 ജൂൺ മുതലുള്ള ടെണ്ടർ തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് വേണ്ടിയുള്ള അപേക്ഷ NIC (തിരുവനന്തപുരം)യിൽ കൊടുത്തിരുന്നുവെന്നും 2021 സാമ്പത്തിക വർഷം മുതലാണ് NIC യിൽ നിന്നും മാപ്പ് ചെയ്ത് കിട്ടിയത് എന്നും അറിയിച്ചു. 2019 ഏപ്രിൽ മുതൽ 2021 വരെയുള്ള ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് പോയത് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക പൂർണ്ണമായും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്ക വരുത്തേണ്ടതാണ്.

## 1-20 ഏജൻസി വഴി പത്രങ്ങളിൽ പരസ്യം നൽകൽ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 03/21 |
| അടങ്കൽ | 6,00,000/- തനത്ഫണ്ട് |
| ചെലവ് | 4,53,355/- |

2020-21 വർഷം പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ചെലവുകൾക്കായി 4,53,355/-രൂപ ചെലവായിട്ടുണ്ട്. പ്രിന്റിംഗ്, പത്രങ്ങളിൽ പരസ്യം നൽകൽ എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ പ്രിന്റിംഗ് ജോലികൾക്കായി തെരഞ്ഞെടുത്ത കുമാർ പ്രിന്റേഴ്സുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഫയലിൽ ലഭ്യമായ മുദ്രപത്രത്തിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല.

3,29,205/-രൂപയുടെ പത്രപരസ്യം നൽകിയിരിക്കുന്നത് “GSKcommunications” എന്ന ഏജൻസി വഴിയാണ്. (ബിൽ/വൗച്ചർ നം.22000303/17.6.20). “GSK Communications” നെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.GSK Communicationsമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പത്രങ്ങൾക്ക് നേരിട്ട് പരസ്യം നൽകാമെന്നിരിക്കേ ഏജൻസി വഴി നൽകുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പത്രസ്ഥാപനങ്ങളിൽ നിന്നുള്ള ബില്ലുകൾക്ക് പകരം ഏജൻസിയുടെ ബില്ലുകളെ അടിസ്ഥാനമാക്കിയാണ് തുക നൽകിയിരിക്കുന്നത്. ആയതിനാൽ പരസ്യങ്ങളുടെ യഥാർത്ഥ നിരക്ക് വ്യക്തമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം 10തീയതി 23.9.21ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(പി) നം17/15/ I & PRD തീയതി 08-12 -2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് പി & എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. അത്തരത്തിൽ ഡിസ്കൌണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. സർക്കാർ ഉത്തരവു പ്രകാരം അർഹതപ്പെട്ട കിഴിവ് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. തുടർവർഷങ്ങളിൽ കൃത്യമായി ഡിസ്കൗണ്ട് ലഭ്യമാക്കി മാത്രം പരസ്യം നൽകേണ്ടതാണ്.

## 1-21 തെരുവുവിളക്കുകൾ വാങ്ങൽ - നടപടിക്രമം പാലിക്കുന്നില്ല.

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളുടേയും നിർവ്വഹണഏജൻസിയായി നിയമിച്ചിരിക്കുന്നത് സിഡ്കോയേയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. - 122/21 സ്പിൽ ഓവർ ,
അടങ്കൽ – 2441440 (ധനകാര്യകമ്മിഷൻ ഗ്രാന്റ്)
ബിൽ നം. - 17/20-21/19.11.2020
ചെലവ് -24,41,440/-

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലും എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി.ടെണ്ടർ കൂടാതെ സിഡ്കോയ്ക്ക് നേരിട്ട് പ്രവൃത്തി നൽകി. 24 വാട്ടിന്റെ ഒരു ലൈറ്റിന് 2450/- രൂപ പ്രകാരം 997ലൈറ്റുകൾ സ്ഥാപിച്ചു. (ബിൽ നം.17/20-21 തീ 19.11.20)

പ്രോജക്ട് നം. - 56/21 ,
അടങ്കൽ – 1123500(തനത് ഫണ്ട്)
ബിൽ നം., ചെക്ക് നം. - 22001899/30.03.21
ചെലവ് -10,46,500/-

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലേയും കേടായ സി.എഫ്.എൽ ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായിരുന്നു പദ്ധതി. പദ്ധതി സിഡ്കോയ്ക്ക് നേരിട്ട് നല്കിയിരിക്കുന്നു. 25 വാട്ടിന്റെ ഒരു ലൈറ്റിന് (Including Accessories And Fitting Charge) സിഡ്കോ ലഭ്യമാക്കിയ 3,500/- രൂപയുടെ എസ്റ്റിമേറ്റ് യാതൊരു പരിശോധനയും കൂടാതെ അംഗീകരിച്ചിരിക്കുന്നു.

ലൈറ്റിന്റെ മറ്റ് സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ കൂടാതെ തെരുവുവിളക്കുകൾ വാങ്ങുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ സിഡ്കോ ഉൾപ്പെട്ടിട്ടില്ല. വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സിഡ്കോയ്ക്ക് തുക അനുവദിച്ചിരിക്കുന്നത്. സ്ഥാപിച്ച ലൈറ്റിന്റെ സ്പെസിഫിക്കേഷൻ, മറ്റ് ഘടകഭാഗങ്ങൾ എന്നിവയൊന്നും പഞ്ചായത്ത് പരിശോധിച്ച് വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം. 121/21 ,

അടങ്കൽ – 1840000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്)
ബിൽ നം. - 14/20-21/15.10.2020
ചെലവ് -18,40,000/-

സോളാർ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി. ടെണ്ടർ കൂടാതെ സിഡ്കോയ്ക്ക് നേരിട്ട് പ്രവൃത്തി നൽകി. സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം സിഡ്കോയ്ക്ക് ഉണ്ടോ എന്നുപോലും പരിശോധിക്കാതെ സിഡ്കോയ്ക്ക് കരാർ നൽകി.

പ്രോജക്ട് നം. 129/21 ,
അടങ്കൽ – 400000/-(ധനകാര്യകമ്മിഷൻ ഗ്രാന്റ്)
ബിൽ നം. - 18/20-21/19.11.2020
ചെലവ് -3,99,598/-

പഞ്ചായത്തിലെ വാറന്റി തീർന്ന എൽ.ഇ.ഡി ലൈറ്റുകളുടെ മെയിന്റനൻസിനായുള്ള പദ്ധതി.ടെണ്ടർ കൂടാതെ സിഡ്കോയ്ക്ക് നേരിട്ട് പ്രവൃത്തി നൽകി. 999/- രൂപാ നിരക്കിൽ 400 ബൾബുകളുടെ മെയിന്റനൻസിനാണ് തുക നൽകിയിരിക്കുന്നത്. രജിസ്റ്ററുകളുടെ അഭാവത്തിൽ, ലൈറ്റുകളുടെ വാറന്റി പിരീഡ് വിവരം എങ്ങനെ കണ്ടെത്തി എന്ന് വ്യക്തമല്ല.

തെരുവുവിളക്കുകളുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിന് രൂപയുടെ പ്രോജക്ടുകൾ മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ തെരുവുവിളക്കുകൾ വാങ്ങുവാൻ കഴിയുന്നത് കേരള ഗ്രാമജ്യോതി ലൈറ്റിംഗ്, യുണൈറ്റഡ് ഇലക്ട്രിക്കൽ, കെൽട്രോൺ, കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്നവ എന്നിവയ്ക്ക് മാത്രമാണ്.വാങ്ങൽ നടപടികൾ ഒന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി എ3/2011/ത സ്വ ഭ വ തീ 15.9.11, സ ഉ (സാധാ)നം 2134/205ത സ്വ ഭ വ തീ 15.5.15, കേരളാ സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ ഒന്നും പാലിക്കപ്പെട്ടിട്ടില്ല. വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം, ബ്രാൻഡ്, മറ്റ് സ്പെസിഫിക്കേഷനുകൾ ഒന്നും പരിശോധിക്കപ്പെടുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 09തീയതി 23.9.21ന് ലഭ്യമാക്കിയ മറുപടിയിൽ സിഡ്കോയ്ക്ക് നേരിട്ട് നൽകുന്നതിനുള്ള പ്രോജക്ടാണ് രൂപീകരിച്ചിട്ടുള്ളത് എന്ന മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ഇലക്ട്രിക്കൽ സാധനങ്ങൾ വിതരണം ചെയ്യുവാൻ സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്ട് ഇല്ലെന്നിരിക്കേ ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കിയ നടപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ച് സാധനങ്ങൾ വാങ്ങുന്നതിനും ആവശ്യമായ രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 കുടിവെള്ള ചാർജ്ജ് അടവാക്കൽ പദ്ധതിയ്ക്കായി തുക വകയിരുത്തിയതിൽ കുറവ്.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടിവെള്ള ചാർജ്ജ് അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 11/21 |
| അടങ്കൽ | 19,52,880<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 19,52,880 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള ചാർജ്ജ് അടവാക്കൽ പദ്ധതിക്കായി 19,52,880/- രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു . പഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ ചാർജ്ജ് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനായിട്ടാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയത്. പഞ്ചായത്തിലെ 462 ടാപ്പിന് ഒരു ടാപ്പിന് 5250/-രൂപ വച്ച് 24,25,500/- രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായല്ല പ്രോജക്ട് തയ്യാറാക്കിയത്. ഇതുമൂലം വെള്ളചാർജ്ജ് ഇനത്തിൽ കുടിശ്ശിക ഉണ്ടാവുന്നതിന് കാരണമാകുന്നു.

വെള്ളചാർജ്ജ് ഇനത്തിൽ 28,784/- രൂപ ( 11/20, 02/21) ഫൈൻ അടവാക്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണം നം. 11തീയതി 23.9.21ന് മറുപടിയായി ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം 11 മാസത്തേക്കുള്ള ചാർജ്ജ് മാത്രമേ കണക്കാക്കിയിട്ടുള്ളൂ എന്ന് അറിയിച്ചിരിക്കുന്നു. ഫൈൻ ഇനത്തിൽ തുക അടച്ചിട്ടില്ലായെന്നും ശരിയായ ബില്ല് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ബിൽ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ കാര്യക്ഷമമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുണ്ട്. ഫൈൻ അടച്ചത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് - പദ്ധതി പൂർത്തീകരണം വൈകുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് (സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 88/20, 101/21 |
| അടങ്കൽ | 25,00,000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 17,47,415 |

പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ്ഏർപ്പെടുത്തുന്ന പദ്ധതിക്ക് 2019-20 വർഷം അംഗീകാരം ലഭിച്ചിരുന്നു. കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2019-20ൽ 9,49,114 രൂപയും 2020-21ൽ 7,98,301/- രൂപയും കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2019-20ൽ പദ്ധതി പൂർത്തിയാവാത്തതിനാൽ സ്പിൽഓവറായി 2020-21ൽ പദ്ധതി തുടരുകയുണ്ടായി. കെ.എസ്.ഇ.ബിക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2,47,415/- (ബിൽ നം. 51900752/28.11.19)

7,01,699/- (ബിൽ നം.19/19-20/28.10.19)

7,98,301/- (ബിൽ നം.07/20-21/21.5.20)

എന്നാൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 9.9.2020ൽ മാത്രമാണ്. കരാറിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള തീയതി രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷവും പദ്ധതി പൂർത്തിയായിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം 27തീയതി 27.9.21ന്റെ മറുപടിയിൽ മീറ്ററിംഗ് ബോക്സുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിനിന്റെ അഭാവം ഉള്ളതായി കെ.എസ്.ഇ.ബി അറിയിക്കുകയും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി 39,12,290/-യുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിരിക്കുന്നതായി അറിയിച്ചിരിക്കുന്നു. 2019-20ൽ ആരംഭിച്ച പദ്ധതി2020-21ലും പൂർത്തിയാവാതെ നീണ്ടുപോകുന്ന അവസ്ഥയാണുള്ളത്. കെ.എസ്.ഇ.ബി ലഭ്യമാക്കിയ ആദ്യ എസ്റ്റിമേറ്റ് കൃത്യമല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് പദ്ധതി പൂർത്തീകരണത്തിനു വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 അർഹത തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനൽകൽ |
| പദ്ധതിയുടെ നം. | 75/20-21 |
| പദ്ധതി അടങ്കൽ | 4,96,000/- |

| | |
|---|---|
| | (4,95,400/- എസ്‌സിപി, 600/- തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 3,43,914/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽപിഎസ് |

മേൽ പദ്ധതിയുടെ ഗുണഭോക്താക്കൾ എസ്‌സി വിദ്യാർത്ഥികളാണ്. അതുകൊണ്ട് തന്നെ ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. എന്നാൽ ആദിത്യൻ സജു, മണക്കാട്ടിൽ വീട്, കഠിനംകുളം എന്ന വിദ്യാർത്ഥി എസ്‌സി യാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റോ സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16 ന് മറുപടി ലഭ്യമാക്കിയെങ്കിലും വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കിയില്ല. ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ അവശ്യ രേഖകളും ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കുന്നതിന് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം അനുവദിക്കേണ്ടതുമാണ്.

## 1-25 മുൻകൂർ പണം നൽകിയിട്ടും ലാപ്ടോപ്പുകൾ ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മൽസ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകൽ |
| പദ്ധതിയുടെ നം. | 49/20-21 |
| പദ്ധതി അടങ്കൽ | 12,00,000/- (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 10,89,160/- |
| ചെക്ക് നം. | 5997511/22.03.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

മേൽ പദ്ധതിയുടെ ഭാഗമായി മത്സ്യതൊഴിലാളികളുടെ മക്കൾക്ക് വിതരണം ചെയ്യുന്നതിനായി 40 ലാപ്ടോപ്പിന് കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും 11.03.2021 ലെ 24296 നം. പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 10,89,1160/- രൂപ മുൻകൂർ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ 30 ലാപ്ടോപ്പുകൾ മാത്രമാണ് 11.06.2021 ൽ കെൽട്രോണിൽ നിന്ന് ലഭിച്ചിട്ടുള്ളത്. മുൻകൂർ തുക അനുവദിച്ചിട്ടും 6 മാസത്തിന് ശേഷവും ലാപ്ടോപ്പ് പൂർണമായി ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ നം.47 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. ബാക്കിയുള്ള 10 ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ അറിയിച്ചത് ലഭ്യമാക്കിയ 30 എണ്ണം 04.06.20 ലെ 12819 നം. വർക്ക് ഓർഡർ പ്രകാരമുള്ളതാണ് എന്നാണ്. എന്നാൽ അപ്രകാരം ഒരു വർക്ക് ഓർഡർ പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. അതറിയിച്ചപ്പോൾ വെരിഫിക്കേഷന്റെ ആവശ്യമുണ്ടെന്നാണ് കെൽട്രോൺ അറിയിച്ചത് എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

40 ലാപ്ടോപ്പുകൾക്കുള്ള വർക്ക് ഓർഡർ നൽകി ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അത്രയും ലാപ്ടോപ്പുകൾക്കുള്ള പണവും മുൻകൂറായി കൈപ്പറ്റിയിട്ട് 30എണ്ണം മാത്രമാണ് ആവശ്യപ്പെട്ടത് എന്ന കെൽട്രോണിന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. എത്രയും വേഗം കെൽട്രോണിൽ നിന്നും ബാക്കി ലാപ്ടോപ്പുകൾ കൂടി ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റിൽ നല്കേണ്ടതാണ്. അല്ലാത്തപക്ഷം അധികമായി നല്കിയ തുക നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-26 ലൈഫ് ഭവന നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം (20%) എസ്‌സി |

| | |
|---|---|
| പദ്ധതിയുടെ നം. | 99/2020-21 |
| പദ്ധതി അടങ്കൽ | 60,90,722/- (40,00,000/- തനത് ഫണ്ട്, 20,90,722/- ജില്ലാപഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 6,41,282/- (ജില്ലാപഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സർക്കിൾ II |

മേൽ സ്പിൽ ഓവർ പ്രോജക്റ്റിന്റെ ഭാഗമായി 2019-20 വർഷം ഭവന നിർമ്മാണം ആരംഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയായതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | അനുവദിച്ച ആകെ തുക |
|---|---|---|
| 1 | ശ്രീമതി ദീപ, ചിറയരികത്ത് വീട് | 3,00,000 |
| 2 | ശ്രീമതി ഷൈനി, കരിഞ്ഞ വയൽ വീട് | 3,00,000 |
| 3 | ശ്രീ.സുജീവ് , പുതുവൽ പുരയിടം | 3,00,000 |
| 4 | ശ്രീമതി സുശീല, പഴഞ്ചിറ മണക്കാട്ടിൽ വീട് | 3,00,000 |
| 5 | ശ്രീമതി ലീലാമണി, ഇന്ദുലേഖ ഹൗസ് | 3,00,000 |
| 6 | ശ്രീമതി ഓമന, സുനിൽ കോട്ടേജ് | 2,00,000 |
| 7 | ശ്രീമതി ചിത്ര.സി, നെയ്യാശ്ശേരി | 40,000 |
| 8 | ശ്രീമതി പ്രസന്ന, പുതുവൽ മണക്കാട്ടുവിളാകം | 3,00,000 |
| 9 | ശ്രീ.സുനിൽകുമാർ, തോപ്പിൽ പുരയിടം | 3,00,000 |
| 10 | ശ്രീമതി സുകുമാരി, പുതുവൽ പുത്തൻവീട് | 40,000 |
| 11 | ശ്രീമതി സിന്ധു, ചിറയരികത്തു വീട് | 2,00,000 |

പദ്ധതി പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷം പണി ആരംഭിച്ച മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്തതിന് നൽകേണ്ടതാണ്.

## 1-27 പ്രോജക്ട് രജിസ്റ്റർ പ്രകാരം പണി പൂർത്തീകരിച്ചു - പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം (20%) എസ്‌സി |
| പദ്ധതിയുടെ നം. | 99/2020-21 |
| പദ്ധതി അടങ്കൽ | 60,90,722/- (40,00,000/- തനത് ഫണ്ട്, 20,90,722/- ജില്ലാപഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 6,41,282/- (ജില്ലാപഞ്ചായത്ത് വിഹിതം) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സർക്കിൾ II |

മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിച്ച് 2020-21 ൽ തന്നെ അവസാന ഗഡു തുക നൽകിയതായി പ്രോജക്റ്റ് രജിസ്റ്ററിൽ ഉണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതായിട്ടുള്ള യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | അവസാന ഗഡു നൽകിയ തീയതി |
|---|---|---|
| 1 | ശ്രീമതി ഉഷ, ചിറയരികത്ത് പുതുവൽ വീട് | 30.12.2020 |
| 2 | ശ്രീമതി ബേബി, പുതുവൽ പുത്തൻവീട് | 30.12.2020 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ രേഖകൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 1-28 പ്രോജക്ടിൽ ഉൾപ്പെടാത്ത പ്രവർത്തനത്തിനു വേണ്ടി തുക ചെലവാക്കിയിരിക്കുന്നു - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 1,59,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പത്താംതരം തുല്യതാപരീക്ഷ |
| പദ്ധതിയുടെ നം. | 70/20-21 |
| പദ്ധതി അടങ്കൽ | 1,59,500/-<br>(തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 1,59,000/- |
| ചെക്ക് നം. | 5997504/6.03.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽപിഎസ് |

പദ്ധതി രൂപീകരണ ഫോറം പ്രകാരം മേൽ പ്രോജക്റ്റ് പത്താം തര തുല്യതാ പരീക്ഷയ്ക്ക് വേണ്ടിയുള്ളതാണ്. ഹയർ സെക്കന്ററി തുല്യതാ പരീക്ഷ സംബന്ധിച്ച യാതൊരു പ്രവർത്തനവും ബന്ധപ്പെട്ട ചെലവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. കേരള സ്റ്റേറ്റ് സാക്ഷരതാ മിഷന് നൽകിയിരിക്കുന്ന 1,59,000/- രൂപയാണ് ആകെ ചെലവഴിച്ചിരിക്കുന്നത്. അതിൽ 49,000/- രൂപ പത്താം ക്ലാസ് തുല്യതാ പരീക്ഷാ ചെലവിനുള്ളതും 1,10,000/- രൂപ ഹയർ സെക്കന്ററി തുല്യതാ പരീക്ഷയുടെ ചെലവിനു തുമാണ്. എന്നാൽ അനുബന്ധ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ അഡ്മിഷൻ ടിക്കറ്റ് അടക്കമുള്ള രേഖകൾ, സാക്ഷരതാ മിഷന് നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ നം. 35 ന് നൽകിയ മറുപടിയിൽ സാക്ഷരതാ മിഷന്റെ നിർദ്ദേശപ്രകാരമാണ് ഹയർ സെക്കന്ററി തുല്യതാ പരീക്ഷയും പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നുമാത്രമാണ് പറഞ്ഞിരിക്കുന്നത്. മറ്റ് അപാകതകൾക്ക് മറുപടി നൽകിയിട്ടില്ല. മേൽപറഞ്ഞ രേഖകളുടെ അഭാവത്താൽ 1,59,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ നാമമാത്ര തുകയാണ് ചെലവഴിച്ചത്. ചില പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക | ചെലവ് തുക | പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച തീയതി |
|---|---|---|---|---|
| 1 | 22/21-പച്ചക്കറി വ്യാപനം | 145000/- (വികസന ഫണ്ട്)<br>30000 (ഗുണ. വിഹിതം) | 8700/- (വികസന ഫണ്ട്)<br>2490/- (ഗുണ. വിഹിതം) | 5/5/20 |

| | | | | |
|---|---|---|---|---|
| 2 | 23/21<br>ജലസേചന പമ്പ് സെറ്റ് | 115000/-<br>(വികസന ഫണ്ട്) | 10260/-<br>(വികസന ഫണ്ട്) | 5/5/20 |
| 3 | 24/21-വനിതാ ഗ്രൂപ്പുകൾക്ക് വാഴകൃഷി | 159000/-<br>(വികസന ഫണ്ട്)<br>18000<br>(ഗുണ. വിഹിതം) | 14300/-<br>(ഗുണ. വിഹിതം) | 5/5/20 |
| 4 | 243/21-ഫലവൃക്ഷ തൈ നട്ട് പരിപാലനം | 1247500/-<br>(വികസന ഫണ്ട്) | 17000/-<br>(വികസന ഫണ്ട്) | 25/06/20 |
| 5 | 245/21- തരിശ് ഭൂമി നെൽകൃഷി | 40000/-<br>(വികസന ഫണ്ട്)<br>8700<br>(ഗുണ. വിഹിതം) | 0 | 25/06/20 |
| 6 | 246/21-പച്ചക്കറികൃഷി മുറ്റത്തും ടെറസിലും | 750000/-<br>(വികസന ഫണ്ട്)<br>25000<br>(ഗുണ. വിഹിതം) | 131500<br>(ഗുണ. വിഹിതം) | 25/06/20 |
| 7 | 247/21-<br>ഇടവിള കൃഷി | 300000/-<br>(വികസന ഫണ്ട്) | 39000/-<br>(വികസന ഫണ്ട്) | 25/06/20 |
| 8 | 248/21-തരിശ് ഭൂമിയിൽ പച്ചക്കറികൃഷി | 15000/-<br>(വികസന ഫണ്ട്)<br>15000<br>(ഗുണ. വിഹിതം) | 0 | 25/06/20 |

5/5/20, 25/06/20 തീയതികളിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് 20.01.21, 18.2.21തീയതികളിൽ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭിച്ചത്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടായിട്ടും പദ്ധതി പൂർണ്ണമായി നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22 ളള മറുപടിയിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയെങ്കിലും ക്യൂ ബിൽ ആയതിനാൽ സ്പിൽ ഓവറായിട്ടാണ് ടി ബില്ലുകൾ പരിഗണിച്ചതെന്നും, ആയത് 2021-22 സാമ്പത്തിക വർഷത്തിൽ മാറിയിട്ടുള്ളതായും അറിയിച്ചിരിക്കുന്നു.

29.01.2018-ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ നമ്പർ ഉത്തരവ് ഖ 11.2പ്രകാരം നിർവ്വഹണാനുമതി ലഭിച്ച പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കേണ്ടതും തുടർന്ന് എല്ലാ പ്രോജക്ടുകളുടെ നിർവ്വഹണ പരിപാടികൾ തദ്ദേശസ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെ നിർവ്വഹണ പദ്ധതി തയ്യാറാക്കി, ആയത് നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും അവലംബമാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും വീഴ്ച ഉണ്ടായതാണ് പദ്ധതികൾ ക്യൂ ബിൽ ആകാൻ കാരണമായത്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-30 ജാഗ്രതാ സമിതി ശാക്തീകരണം സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | ജാഗ്രതാ സമിതി ശാക്തീകരണം |
| പദ്ധതിയുടെ നം. | 42/2020-21 |
| പദ്ധതി അടങ്കൽ | 1,62,910/- |

| | |
|---|---|
| | (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) |
| പദ്ധതി ചെലവ് | 1,00,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി ചെലവാക്കിയ 1,00,000/- രൂപയും സമിതി കൗൺസിലർക്ക് ഓണറേറിയം നൽകുന്നതിനു വേണ്ടി മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. സമിതിയുടെ ശാക്തികരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.31 നുള്ള മറുപടിയിൽ 2020-21 കാലയളവിൽ വിവിധ മീറ്റിംഗുകളും, കോവിഡ് കാലത്ത് വീട്ടിലിരിക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗാർഹിക പ്രശ്നങ്ങൾ ഉള്ള സ്ത്രീകൾ എന്നിവർക്കു വേണ്ടി ഓൺലൈൻ കൗൺസിലിംഗും നടത്തിയതായും, സമിതിക്ക് ലഭിച്ച 3 .പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചതായും പറഞ്ഞിരിക്കുന്നു. എന്നാൽ ഓൺലൈൻ കൗൺസിലിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. കൂടാതെ മേൽ പ്രവർത്തനങ്ങൾക്കു വേണ്ടി പദ്ധതിയുടെ ഭാഗമായി യാതൊരു ചെലവും നടത്തിയിട്ടില്ല. ഇപ്രകാരം പദ്ധതി വിഹിതം ഒരു വ്യക്തിക്ക് ഓണറേറിയം നല്കുന്നതിനു മാത്രമായി ഉപയോഗിക്കുന്നതിനു പകരം സ.ഉ(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018 സബ്സിഡി മാർഗരേഖ 7.4.2 പ്രകാരം സ്കൂളുകളിൽ ജന്റർ ഡെസ്ക് സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ കൂടി പരിഗണിക്കേണ്ടതും ജാഗ്രതസമിതി ശാക്തീകരണം പ്രാവർത്തികമാ ക്കേണ്ടതുമാണ്.

## 1-31 ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ പൂർണമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മൽസ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ 2019-20 |
| പദ്ധതിയുടെ നം. | 97/2020-21 |
| പദ്ധതി അടങ്കൽ | 13,62,180/-<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) |
| പദ്ധതി ചെലവ് | 13,62,180/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

പദ്ധതി ആനുകൂല്യം ലഭിച്ച ആകെയുള്ള 60 ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന 9 പേരുടെ രേഖകൾ പൂർണമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപാകത |
|---|---|---|
| 1. | ജാക്സൻ, കനാൽ പുറമ്പോക്ക് വീട് | റേഷൻ കാർഡിന്റെ കോപ്പിയില്ല കരാർ ഒപ്പിട്ടിട്ടില്ല |
| 2. | ഫെറിക് ഗോമസ്, റിജി കോട്ടേജ് | റേഷൻ കാർഡിന്റെ കോപ്പിയില്ല |
| 3. | ജോൺസൺ ജോസഫ്, ശാന്തിപുരം | കരാർ ഒപ്പിട്ടിട്ടില്ല |
| 4. | ജോണി, അർത്തിയിൽ പുരയിടം, മര്യനാട് | റേഷൻ കാർഡിന്റെ കോപ്പിയില്ല |
| 5. | അനിൽ ആന്റണി, അർത്തിയിൽ പുരയിടം, കഠിനംകുളം | റേഷൻ കാർഡിന്റെ കോപ്പിയില്ല |
| 6. | പ്രവീസ്, മെറിൻ കോട്ടേജ്, കഠിനംകുളം | റേഷൻ കാർഡിന്റെ കോപ്പിയില്ല |
| 7. | അലക്സാണ്ടർ, തെരുവിൽ തൈവിളാകം | കരാർ ഒപ്പിട്ടിട്ടില്ല |
| 8. | സെബാസ്റ്റ്യൻ ആൻഡ്യൂസ്, പുതുവൽ പുരയിടം | കരാർ ഒപ്പിട്ടിട്ടില്ല |
| 9. | അലക്സാണ്ടർ, ജിൻഷ കോട്ടേജ് | കരാർ പൂർണമല്ല |

കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടരുത് എന്ന പദ്ധതി മാനദണ്ഡം തെളിയിക്കുന്നതിന് ആധാരമായ റേഷൻ കാർഡിന്റെ കോപ്പി ഹാജരാക്കേണ്ടതായിരുന്നു. എന്നാലത് ഹാജരാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ രേഖകളും ഗുണഭോക്താക്കളിൽ നിന്ന് സ്വീകരിക്കേണ്ടതും കരാർ വയ്ക്കേണ്ടുന്ന സാഹചര്യത്തിൽ മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാക്കാത്ത രേഖകൾ എത്രയും വേഗം ഹാജരാക്കേണ്ടതാണ്.

## 1-32 ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി - തുടർ പരിശോധന നടത്തേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | കഠിനംകുളം ഗ്രാമപഞ്ചായത്ത് ഗ്രീൻ പ്രോട്ടോക്കോൾ |
| പദ്ധതിയുടെ നം. | 119/2020-21 |
| പദ്ധതി അടങ്കൽ | 6,93,000/-<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) |
| പദ്ധതി ചെലവ് | 6,93,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി പഞ്ചായത്തിലെ 23 വാർഡുകളിൽ വിതരണം ചെയ്യുന്നതിനായി സ്റ്റീൽ ഗ്ലാസ്, പ്ലെയിറ്റ് എന്നിവ ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 69,300/- രൂപ ചെലവഴിച്ച് Tritech Traders എന്ന സ്ഥാപനത്തിൽ നിന്നും 5500 വിതം സ്റ്റീൽ ഗ്ലാസുകളും പ്ലെയിറ്റുകളും ലഭ്യമാക്കുകയും ചെയ്തിരുന്നു. അവ സ്റ്റോക്കിലെടുത്ത് വാർഡുകളിലെ കുടുംബശ്രീ എഡി.എസിന് യഥാസമയം നൽകിയിട്ടുണ്ട്. കൂടാതെ സാധനങ്ങളുടെ കൈപ്പറ്റ് വിവരം, ഉപയോഗം എന്നിവ സംബന്ധിച്ച് ഓരോ എഡി.എസുമായും കരാർ ഒപ്പിച്ചിട്ടുണ്ട്. എന്നാൽ 7-ാം വാർഡായ ചിറയ്ക്കൽ വാർഡ് കുടുംബശ്രീ എഡി.എസുമായി കരാർ വച്ചതായി രേഖയില്ല.

ലഭിക്കുന്ന വസ്തുക്കൾ കരാർ പ്രകാരം എഡി.എസ്-ന് വായകയ്ക്ക് നൽകാവുന്നതാണ്. ലഭിക്കുന്ന തുകയുടെ 75% എഡി.എസിനു ഉപയോഗിക്കാവുന്നതും 25% സിഡിഎസിൽ അതാത് മാസം അടയ്ക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് തുടർ പരിശോധന നടത്തിയിട്ടുണ്ടോയെന്നും സാധനങ്ങൾ എഡി.എസിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 42 ന് മറുപടി നൽകിയിട്ടില്ല. 6,93,000/- രൂപ ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ യഥാവിധി ഉപയോഗിക്കുന്നുണ്ടോയെന്ന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തേണ്ടതാണ്.

## 1-33 ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് പദ്ധതി - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (സ്നേഹസ്പർശം) |
| പദ്ധതിയുടെ നം. | 37/2020-21 |
| പദ്ധതി അടങ്കൽ | 41,32,500/- (20,66,250/- വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം 10,33,125/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 10,33,125/- ജില്ലാപഞ്ചായത്ത് വിഹിതം)) |
| പദ്ധതി ചെലവ് | 10,33,125/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 37 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ബത്ത അനുവദിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ബില്ലിലെ Benificiary List-ൽ 16-ാമതായി ഉൾപ്പെട്ടിരിക്കുന്ന റോഷൻ ജസ്റ്റിൻ എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ബത്ത ഇനത്തിൽ നൽകിയിരിക്കുന്നത് 28,500/- രൂപയാണ്. എന്നാൽ ടി വിദ്യാർത്ഥിയുടെ അപേക്ഷയോ മറ്റു അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.43 ന് മറുപടി നൽകിയിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 1-34 സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തുന്നതിൽ അപാകത

പ്രോജക്ട് നം. 19/2020-21 കഠിനംകുളം വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജൻ ഹാജരാക്കിയ LSGD Stock Register Of Patent Drugs 2020-21 പരിശോധിച്ചതിൽ, പർച്ചേസ് ചെയ്യുന്ന മരുന്നിന്റെ എണ്ണം

രേഖപ്പെടുത്തുന്നതിൽ അപാകതയുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

Raja Medical Store ൽ നിന്നും വാങ്ങിയ 1,53,911/- രൂപയുടെ 196/29.01.21 നം. ബില്ലിൽ ക്രമനം. 74 മതായി ഉൾപ്പെട്ട STECLIN LA 30 ML INJ എന്ന മരുന്ന് 20 എണ്ണം ലഭിച്ചെങ്കിലും മേൽ രജിസ്റ്ററിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 82 എണ്ണമാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13 നുള്ള മറുപടിയിൽ രേഖപ്പെടുത്തിയതിൽ സംഭവിച്ച ക്ലറിക്കൽ അപാകതയാണെന്ന് പറഞ്ഞിരിക്കുന്നു. ഭാവിയിൽ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ തൃത വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വിതരണം ചെയ്യുന്നതിനുള്ള മേശ, കസേര - ഭൗതിക പരിശോധനയിൽ 3 എണ്ണം കുറവ്

| | |
|---|---|
| പദ്ധതിയുടെ പേര് | മൽസ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് പുതിയ മേശയും കസേരയും വാങ്ങി നൽകൽ 2019-20 |
| പദ്ധതിയുടെ നം. | 132/2020-21 |
| പദ്ധതി അടങ്കൽ | 9,50,986/-<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) |
| പദ്ധതി ചെലവ് | 9,50,986/- |
| ബിൽ നം. | 02/2020-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

മേൽ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 120 വീതം മേശയും കസേരയും വാങ്ങിയതിൽ വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടുള്ളത് 81 എണ്ണമാണ്. ബാക്കിയുള്ള 39 എണ്ണത്തിന്റെ സ്റ്റോക്ക് പരിശോധിക്കുന്നതിനായി 28.09.2021 ൽ ഭൗതിക പരിശോധന നടത്തിയതിൽ 36 എണ്ണം മാത്രമാണ് സ്റ്റോക്കിൽ ഉണ്ടായിരുന്നത്. കുറവുള്ള 3 എണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും അവയുടെ കൈപ്പറ്റുവിവരം ലഭ്യമാക്കാമെന്നും അറിയിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അതിനാൽ പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്ന സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഇല്ലായെങ്കിൽ കുറവുള്ളതിന്റെ വിലയായ 23,774/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

## 1-36 റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2020-21സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 45 മരാമത്ത് പ്രവൃത്തികളിൽ 3 റോഡ് പ്രവൃത്തികളിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/23.09.2021)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ 10% പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിന് വിരുദ്ധമായി കഠിനംകുളം ഗ്രാമ പഞ്ചായത്തിൽ 2020-21ൽ നടപ്പാക്കിയ ചുവടെ പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണം പുരോഗമിക്കുന്ന വേളയിൽ എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 228/21 | വാടിയിൽ ബൈറോഡ് റീകോൺക്രീറ്റിംഗ് | 1,68,773 | 1,68,773 |

| | | | | |
|---|---|---|---|---|
| 2 | 89/21 | ചേരമാൻതുരുത്ത് അംഗൻവാടി റോഡ് റീകോൺക്രീറ്റിംഗ് | | |
| 3 | 103/21 | ഗവൺമെന്റ് സ്കൂൾ ടോയ്ലറ്റ് കൺസ്ട്രക്ഷൻ | 17,50,000 | 17,49,549 |
| 4 | 106/21 | വെട്ടുതുറ ക്യനോഷ്യൻ റോഡ് മെയിന്റനൻസ് | 5,24,000 | 5,23,781 |
| 5 | 244/21 | തണൽ ഷെഡ് നിർമ്മാണം | 39,00,000 | 26,38,674 |
| 6 | 111/21 | ചിറ്റാറ്റ്മുക്ക് മാർക്കറ്റിനുള്ളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം | 8,56,000 | 8,50,939 |
| 7 | 140/21 | പി.എച്ച്.സി. ഹോസ്പിറ്റലിൽ മതിലും ആംബുലൻസ് ഇടുന്നതിനുള്ള ഷെഡും | 7,00,000 | 6,99,530 |
| 8 | 142/21 | ശാന്തിപുരം തീരദേശറോഡ് പാർശ്വഭിത്തി & ഫില്ലിംഗ് രണ്ടാം ഘട്ടം | 6,50,000 | 5,13,336 |
| 9 | 148/21 | പടിഞ്ഞാറ്റുമുക്ക് ചിറയ്ക്കൽ റോഡ് റീടാറിംഗ് | 7,45,000 | 7,06,850 |
| 10 | 149/21 | ചാന്നാങ്കര കായൽമുഖം റോഡ് റീടാറിംഗ് | 7,00,000 | 6,90,880 |
| 11 | 168/21 | ബീച്ച്റോഡ് പാർശ്വ ഭിത്തി നിർമ്മാണം & ഫില്ലിംഗ് രണ്ടാം ഘട്ടം | 12,89,284 | 12,86,438 |
| 12 | 138/21 | പ്ലാസ്റ്റിക് മാലിന്യം തരം തിരിച്ച് ശേഖരിക്കൽ (കെട്ടിട നിർമ്മാണം) | 6,22,421 | 2,51,529 |
| 13 | 144/21 | തെക്കേ മുക്ക് കരിയിൽ റോഡ് റീടാറിംഗ് | 7,02,606 | 6,95,785 |
| 14 | 159/21 | കരിഞ്ഞവയൽതോട് പാർശ്വ ഭിത്തി നിർമ്മാണം | 5,47,100 | 5,47,006 |
| 15 | 177/21 | തുമ്പവിളാകം റോഡ് ടാറിംഗ് | 6,54,900 | 6,26,886 |
| 16 | 143/21 | മേനംകുളം വലിയ ഏലാ റോഡ് റീ ടാറിംഗ് | 4,83,580 | 4,43,543 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/28.09.2021 ) ലഭ്യമാക്കിയ മറുപടിയിൽ

മേൽ പ്രവൃത്തികളിൽ തുടങ്ങിയ സമയത്ത് പല സ്ഥലങ്ങളിലും വെള്ളക്കെട്ട്, സ്ഥലതർക്കം, ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതിന്റെ ആവശ്യകത CRZ ൽ നിന്നും NOC ലഭ്യമാകാനുള്ള കാലതാമസം എന്നീ കാരണങ്ങളാലാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്. . ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നത് കാരണം പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വരികയും തുടർന്നുള്ള വർഷങ്ങളിലേക്ക് സ്പിൽ ഓവർ പദ്ധതികൾ ആയിത്തീരുകയും ചെയ്യുന്നു. ആയതിനാൽ ഭാവിയിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-38 അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ - ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾ

2020-21സാമ്പത്തിക വർഷം അസി.എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പൊതു അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ഭൂരിഭാഗം ഇ-ടെണ്ടർ പ്രവൃത്തി ഫയലുകളിലും BOQ താരതമ്യ പത്രിക സൂക്ഷിച്ചിട്ടില്ല.

2) ഭൂരിഭാഗം ഫയലുകളിലും സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല.

3)പ്രവൃത്തി ഫയലുകളിൽ കരാറുകാരുടെ ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ സൂക്ഷിക്കുന്നില്ല.

4) കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരുടെ അപേക്ഷകൾ സൂക്ഷിക്കുന്നില്ല.

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 44/28.09.2021) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ മേൽ ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-39 പ്രൊക്വയർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയതിന്റെ രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം ഒരു പ്രാവശ്യം പോലും യോഗം ചേർന്നതായി രേഖപ്പെടുത്തലുകളില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി. വാങ്ങൽ, യു.പി.എസ്. വാങ്ങൽ, CCTV ക്യാമറ സ്ഥാപിക്കൽ, സോളാർ ലൈറ്റ് സ്ഥാപിക്കൽ, സബ് ഇൻസ്പെക്ടർ ഫിഷറീസ് നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ, മേശയും കസേരയും വാങ്ങി നൽകൽ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ, എച്ച്.എം. നിർവ്വഹണം നടത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് പുതിയ മേശയും കസേരയും വാങ്ങി നൽകൽ, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം മുതലായ പ്രോജക്ടുകൾ നടപ്പാക്കുന്നതിലേയ്ക്കായി പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നതായി മിനിട്സ് ബുക്കിൽ രേഖകളില്ല.

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നം.45/28.09.2021)ക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 ചിറ്റാറ്റുമുക്ക് മാർക്കറ്റ് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്- പ്രവർത്തനം ആരംഭിച്ചില്ല.

ചിറ്റാറ്റുമുക്ക് മാർക്കറ്റിനുള്ളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം (പ്രോജക്റ്റ് നം 111/21) എന്ന പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 30.01.2021 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം(നം. 08/23.09.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം 56,893/- രൂപ തിരികെ ഒടുക്കു വരുത്തി

1)

പ്രോജക്റ്റ് നമ്പർ- 185/21

പ്രോജക്റ്റിന്റെ പേര്- ചേരമാൻ തുരുത്ത് അപ്രോച്ച് റോഡ് നിർമ്മാണം

അടങ്കൽ- 4,50,000/-(തനത് ഫണ്ട്)

ചെലവ്- 4,21,113/-

ചെക്ക് നം ,തുക, തീയതി-0206739 തീ. 30.09.2020, 4,17,353/-

0206770 തീ. 12.12.2020, 3,760/-

എം. ബുക്ക് നമ്പർ - 165/19-20

കരാർ നമ്പർ - 65/19-20/AE/LSGD/KDKM തീ. 02.03.2020

പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ സമർപ്പിച്ചിരുന്നതിൽ എറ്റവും കുറവു തുക ക്വാട്ട് ചെയ്ത ശ്രീ . റ്റി.ഗോപകുമാറിനാണ് (ബിലോ 15.1%) പ്രവൃത്തി അനുവദിച്ചു നൽകിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 3,75,994/-രൂപയിൽ നിന്നും ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല. ഈയിനത്തിൽ 56,775/- ( 3,75,994/-x15.1%) രൂപ കരാറുകാരന് അധികമായി നൽകി.

2)

പ്രോജക്റ്റ് നമ്പർ- 224/21

പ്രോജക്റ്റിന്റെ പേര്- പുതുക്കുറിച്ചി മുസ്ലിം പള്ളി പുതിയപാലം റോഡ് റീടാറിംഗ്

അടങ്കൽ- 1,50,000/-(മെയിന്റനൻസ് ഫണ്ട് - റോഡ്)

ചെലവ്- 1,31326/-

ബിൽ നം ,തുക, തീയതി-40/20-21 തീ. 18.09.2019 , 1,31326/-

എം. ബുക്ക് നമ്പർ - 374/18-19

പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ സമർപ്പിച്ചിരുന്നതിൽ എറ്റവും കുറവു തുക ക്വാട്ട് ചെയ്ത ശ്രീ . റ്റി.ഗോപകുമാറിനാണ് (ബിലോ 0.1%) പ്രവൃത്തി അനുവദിച്ചു നൽകിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 1,18,238/-രൂപയിൽ നിന്നും ടെണ്ടർ ബിലോ തുക കുറവു ചെയ്തില്ല. ഈയിനത്തിൽ (1,18,238x0.1%) രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

കരാറുകാരനായ ശ്രീ ഗോപകുമാറിന് ആകെ അധികമായി 56,893/- രൂപ (56,775+118) നൽകി. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 26/25.09.2021) നൽകിയതിനെത്തുടർന്ന് 28.09.2021 ലെ 121290102694, 121290102695 എന്നീ രസീതുകൾ പ്രകാരം യഥാക്രമം 56,775/-, 118/- എന്നീ തുകകൾ ഗ്രാമ പഞ്ചായത്ത് തനത്ഫണ്ടിലേയ്ക്ക് ഒടുക്കു വരുത്തി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | പദ്ധതിയുടെ പേര് | പദ്ധതി പ്രകാരം വരവ് | പദ്ധതി പ്രകാരം ചെലവ് | നീക്കിയിരിപ്പ് |
| 917884 | | | | 917884 |

| | | | | |
|---|---|---|---|---|
| | പകൽ വീട്(43/21) | 15128 | 15128 | 0 |
| | സ്നേഹസ്പർശം(37/21) | 1033125 | 1033125 | 0 |
| | ക്ഷീരസമൃദ്ധി(14/21) | 300000 | 300000 | 0 |
| | ലൈഫ് (ജനറൽ)(16/21) | 750000 | 750000 | 0 |
| | ന്യൂ ലൈഫ് ലക്ഷംവീട് കോളനി നവീകരണം(46/21) | 560000 | 560000 | 0 |
| | ക്ഷീരസമൃദ്ധി(94/21) | 148772 | 148772 | |
| 917884 | | 2807055 | 2807055 | 917884 |
| ജില്ലാ പഞ്ചായത്ത് വിഹിതം | | | | |
| 194703 | | | | 194703 |
| | ലൈഫ് (SCP)(99/21) | 641282 | 641282 | |
| | ലൈഫ് (ജനറൽ)(96/21,16/21) | 2885221+654244 | 3539465 | |
| | സ്നേഹസ്പർശം(80/21) | 931000 | 93100 | |
| | ക്ഷീരസമൃദ്ധി(14/21) | 37992 | 37992 | |
| | ക്ഷീരസമൃദ്ധി(94/21) | 54285 | 54285 | |
| 194703 | | 5204024 | 5204024 | 194703 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

| നിർവ്വഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| | | പദ്ധതിയുടെ പേര് | നൽകിയ തുക | | | |
| കെ.എസ്.ഇ.ബി | 2113013 | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ(90/21) | 1469928 | 4381242 | 0 | 4381242 |
| | | തെരിവ് വിളക്ക് മീറ്ററിംഗ്(101/21) | 798301 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | 55990501 | 9840000 | 65830501 | 9983981 | 55846520 |

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | ഇൻഡ്യൻ ബാങ്ക് | 1,50,00,000/- |
| 2 | യൂണിയൻ ബാങ്ക് | 1,00,00,000/- |

നിക്ഷേപവുമായി ബന്ധപ്പെട്ട് 2021-22ലെ സർട്ടിഫിക്കറ്റുകളും നിക്ഷേപവുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റുകളുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. യൂണിയൻ ബാങ്കിന്റെ നിക്ഷേപവുമായി ബന്ധപ്പെട്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 28.03.2021-ൽ 1,12,00,132/- രൂപ നിക്ഷേപമുണ്ടായിട്ടും 12,00,132/-രൂപ 2020-21-ലെ AFS-ലെ ബി-17,RP- ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖ1-2-14 കാണുക)

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 21,17,07,177 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 17,00,51,255 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,59,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 1,59,000 | ശ്രീ താഹിറാ ബീവി.ആർ, എച്ച്. എം., |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി താഹിറാബീവി.ആർ, എച്ച്. എം., | | Vanjalloor,<br>Sainik School-695585 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | നം.കെ.എസ്.എ.ഡി.റ്റി.വി.എം. ജി.പി.11.933/2018 തീ.08.05.2017 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.703/08 തീ.25.06.2014 | - |
| 2004-05 | നം.എൽ എഫ്.റ്റി.ഡി.ജി.പി.7/380/2009 തീ. 22.09.2009/09.02.2010 | 4 |
| 2005-06 | നം.എൽ എഫ്.റ്റി.ഡി.ജി.പി.7/381/2009 തീ.05.10.2009/09.02.2010 | 21 |
| 2006-07 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/326/2010 തീ.13.06.2011 | 6 |
| 2007-08 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/327/2010 തീ.03.12.2013 | 12 |
| 2008-09 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/2101/201തീ.28.06.2012 | 12 |
| 2009-10 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/2101/2011 തീ.25.04.2013 | 9 |
| 2010-11 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/933/2018 തീ.08.05.2019 | 2 |
| 2011-12 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/1108/2013 തീ.09.06.2015 | 5 |
| 2012-13 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/1341/2014 തീ.18.12.2015 | 15 |
| 2013-14 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/933/2018 തീ.08.05.2019 | 5 |
| 2014-15 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/1234/2016 തീ.21.07.2016 | 8 |
| 2015-16 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/1964/2016 തീ.14.11.2016 | 5 |
| 2016-17 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/1935/2017 തീ.27.09.2017 | 4 |
| 2017-18 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/319/2019 തീ.22.04.2019 | 30 |
| 2018-19 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11/1067/2020 തീ.19.11.2020 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്.7/1/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്